
# കോവിഡ് സൃഷ്ടിച്ച സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ

ബി. എ. പ്രകാശ്






ആഗസ്റ്റ് 2020

# കോവിഡ് സൃഷ്ടിച്ച സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ

**ബി. എ. പ്രകാശ്**

**ആഗസ്റ്റ് 2020**

## ബി. എ. പ്രകാശ്   (ബി. ആൽവിൻ പ്രകാശ്)

ഡോ. ബി. എ. പ്രകാശ്, കാലിക്കറ്റ്, കേരള എന്നീ സർവകലാശാലകളിൽ സാമ്പത്തിക ശാസ്ത്ര പ്രൊഫസർ ആയിരുന്നു. അഞ്ചു വർഷക്കാലം കേരള സരവകലാശാലയിലെ സാമ്പത്തിക വകുപ്പ് മേധാവിയായി പ്രവർത്തിച്ച ശേഷം വിരമിച്ചു. കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി (2012-14), അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ (2015-16) എന്നിവയുടെ അധ്യക്ഷനുമായിരുന്നിട്ടുണ്ട്. ഇന്ത്യൻ സമ്പദ്ഘടനയെ കുറിച്ച് രണ്ടു പുസ്തകങ്ങളും (Pearson, 2009 & 2012) കേരള സമ്പദ് ഘടനയെ കുറിച്ച് നാല് പുസ്തകങ്ങളും (Sage, 1994, 1999, 2004 & 2018) എഡിറ്റ് ചെയ്ത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധനധൂർത്ത് രാഷ്ട്രീയവും രൂക്ഷ ധനപ്രതിസന്ധിയും (കറന്റ് ബുക്സ്, 2017) എന്നതാണ് മറ്റൊരു പുസ്തകം. Local Finance, Fiscal Decentralisation and Decentralised Planning: A Kerala Experience (Sage, 2020) എന്ന പുസ്തകമാണ് അവസാനമായി പ്രസിദ്ധീകരിച്ചത്.

# ആമുഖം

ലോകം മുഴുവൻ വ്യാപിച്ച ഒരു മഹാമാരിയാണ് കോവിഡ് 19. ഈ മഹാമാരി കഴിഞ്ഞ ഏഴു മാസങ്ങളായി അഭൂതപൂർവമായ പ്രതിസന്ധിയാണ് ഇന്ത്യയിലെ എല്ലാ മേഖലകളിലും സൃഷ്ടിച്ചു കൊണ്ടിരിയ്ക്കുന്നത്. കേരളവും ഇതുവരെ കാണാത്ത സാമൂഹ്യ സാമ്പത്തിക പ്രതിസന്ധിയും തകർച്ചയുമാണ് ഇതുമൂലം അനുഭവിച്ചു വരുന്നത്.

ഈ മഹാമാരിയെക്കുറിച്ച് മംഗളം ദിനപത്രത്തിൽ ഞാൻ എഴുതിയ 8 ലേഖനങ്ങളാണ് ഈ പുസ്തകമായി പ്രസിദ്ധീകരിച്ചത്. ഈ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച മംഗളം ദിനപത്രം എഡിറ്റർ ശ്രീ. സാബു വർഗീസ്, ഇതിന് വേണ്ട സഹായം തന്ന ശ്രീ. ബൈജു ഭാസി (ചീഫ് റിപ്പോർട്ടർ, കൊച്ചി) എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

**കവടിയാർ** **ബി. എ. പ്രകാശ്**

**2020, സെപ്റ്റംബർ 1**

# ഉള്ളടക്കം

ആമുഖം


| നം | അദ്ധ്യായം | പേജ് |
|---|---|---|
| 1 | **കോവിഡും സമൂഹവും കുറെ പാഠങ്ങളും** | 5 |
| 2 | **കോവിഡ് ശുദ്ധീകരിച്ച രാഷ്ട്രീയ രംഗം** | 11 |
| 3 | **ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങളെ തകർത്ത് കോവിഡ് മഹാമാരി.** | 14 |
| 4 | **സാമ്പത്തിക മേഖലകളെ തകർത്ത് കോവിഡ്** | 17 |
| 5 | **ലോക്ക്ഡൗൺരാജും തകരുന്ന തൊഴിൽ മേഖലകളും** | 20 |
| 6 | **കോവിഡ് കാലത്ത് വിരമിയ്ക്കൽ പ്രായം നാല് വർഷം ഉയർത്തണോ?** | 23 |
| 7 | **കോവിഡിൽ തകർന്ന് ടൂറിസം മേഖല** | 26 |
| 8 | **ഗൾഫ് മടക്കം : കേരള സമ്പദ് ഘടനയ്ക്ക് അത്യപൂർവ തിരിച്ചടി** | 29 |

# അദ്ധ്യായം 1

# കോവിഡും സമൂഹവും കുറെ പാഠങ്ങളും

2019 ഡിസംബറിൽ വ്യാപിക്കാൻ തുടങ്ങിയ കൊറോണ വൈറസ് പകർച്ചവ്യാധി (കോവിഡ്-19) ലോകത്തിലെ 215 രാജ്യങ്ങളിലും ഭരണ പ്രദേശങ്ങളിലും പടർന്നു കഴിഞ്ഞു. 2020 ജൂൺ 29 വരെ, ലോകത്ത് 101 ലക്ഷം പേർക്കു ഈ രോഗം പകരുകയും അഞ്ചു ലക്ഷം പേർ മരിക്കുകയും ചെയ്തു. ഇന്ത്യയിൽ രോഗബാധിതരുടെ എണ്ണം 5.48 ലക്ഷവും മരിച്ചവർ 16,475 പേരുമാണ്. കേരളത്തിലെ രോഗികളുടെ എണ്ണം 4,311 ആയി ഉയർന്നു. മരിച്ചവർ 24 പേരാണ്. ലോകത്തിലെ ജനങ്ങൾ മുഴുവൻ ഈ പകർച്ചവ്യാധിയുടെ ഭീതിയിൽ കഴിയുന്നു. ഈ രോഗത്തിന്റെ അതിവേഗത്തിലുള്ള വ്യാപനം തടയാൻ ആധുനിക മെഡിക്കൽ സംവിധാനങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ രോഗത്തിനു ഫലപ്രദമായ വാക്സിൻ കണ്ടെത്താനും തടയാനും എത്ര കാലം വേണ്ടി വരുമെന്നതിന് ലോകാരോഗ്യ സംഘടനക്കുപോലും രൂപമില്ല.

കേരള സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള കാലത്ത് ഏറ്റവും വലിയ തകർച്ചയാണ് ഈ പകർച്ചവ്യാധി സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അപ്രതീക്ഷിതവും അഭൂതപൂർവമായ സാമൂഹിക മാറ്റങ്ങളാണു സമൂഹത്തിൽ ദൃശ്യമാകുന്നത്. യാത്രാസ്തംഭനം, സാമൂഹിക അകലം പാലിക്കൽ, പ്രവർത്തനരംഗം വീട്ടിലേക്കു മാറ്റൽ, ചെലവുചുരുക്കൽ, കേരളീയരായ പ്രവാസികളുടെ മടക്കം എല്ലാ രംഗത്തും ഐടി സാങ്കേതിക വിദ്യയുടെ ഉപയോഗം, വലിയ സ്ഥാപനങ്ങളുടെ പ്രസക്തി നഷ്ടപ്പെടൽ, രൂക്ഷമായ തൊഴിലില്ലായ്മ തുടങ്ങിയ ഇതുവരെ കാണാത്ത മാറ്റങ്ങളാണു സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത് പരിശോധിക്കുന്നു.

### 1. യാത്രാസ്തംഭനം

ഒരു ദിവസത്തിലെ 24 മണിക്കൂറും സ്വതന്ത്രമായി യാത്ര ചെയ്തിരുന്ന കാലത്താണ് ലോക്ക് ഡൌൺമൂലം ഏതാണ്ട് രണ്ടു മാസം പൂർണമായ (ചില ചരക്ക് ഗതാഗതം ഒഴിച്ച്) ഗതാഗത നിരോധനം നിലവിൽവന്നത്. ലോക്ക്ഡൌൺ അവസാനിച്ചെങ്കിലും യാത്രാഗതാഗതം ഇതുവരെ പൂർണമായി പുനസ്ഥാപിച്ചിട്ടില്ല. ലക്ഷക്കണക്കിനു കുട്ടികൾ (പ്രീപ്രൈമറി മുതൽ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയിരുന്ന മോട്ടോർ വാഹനഗതാഗതം നിലച്ചു. സ്വകാര്യ ബസുകൾ മാസങ്ങളായി സർവീസ് നിർത്തിവച്ചിരിക്കുന്നു. തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽസ്ഥലങ്ങളിലെത്താൻ യാത്രാ സൗകര്യങ്ങളില്ല. ഉത്പാദന പ്രവർത്തനങ്ങൾ നടത്താനും നിർമാണവസ്തുക്കൾ കൊണ്ടുവരാനും വാഹനങ്ങൾ ഇല്ലാത്ത അവസ്ഥയാണ്. വൃദ്ധർക്ക് വീടുകളിൽനിന്നു പുറത്തിറങ്ങി പതിവു നടത്തിനുപോലും പോകാൻ കഴിയുന്നില്ല. അന്യസംസ്ഥാനങ്ങളിലും വിദേശത്തും താത്കാലിക ആവശ്യങ്ങൾക്കു പോയവർ മാസങ്ങൾ കുടുങ്ങിക്കിടക്കേണ്ടിവന്നു. ഗൾഫ് രാജ്യങ്ങളിൽ താത്കാലിക

വിസയിൽ പോയവരും തൊഴിൽ നഷ്ടപ്പെട്ടവരും രോഗഭീതിമൂലം നാട്ടിലേക്കു വരാൻ ആഗ്രഹിക്കുന്നവരും മടങ്ങിവരാൻ കഴിയാത്ത അവസ്ഥയിലായി. വിദേശരാജ്യങ്ങളിൽ പഠനത്തിനു പോയ വിദ്യാർഥികളും തിരിച്ചുവരാൻ കഴിയാതെ ദുരിതത്തിലായി. ഈ യാത്രാസ്തംഭനം മലയാളികളുടെ ജീവിത കാഴ്ചപ്പാടുകൾ, കുടിയേറ്റ സാങ്കൽപങ്ങൾ, തൊഴിൽ പ്രതീക്ഷകൾ, നിക്ഷേപ താത്പര്യങ്ങൾ, നാടിനോടുള്ള പ്രതിപത്തി തുടങ്ങിയവയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. യാത്രാസ്തഭനംമൂലം വൻതകർച്ച നേരിട്ട രണ്ടു മേഖലകളാണ് മോട്ടോർ ഗതാഗതവും ടൂറിസവും. സംസ്ഥാനത്തെ മോട്ടോർ വാഹന മേഖലയുടെ വലിപ്പം ഭീമമാണ്. 2019 മാർച്ച് വരെ സംസ്ഥാനത്ത് രജിസ്ട്രർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ എണ്ണം 133.35 ലക്ഷമാണ്. യാത്രാസ്തംഭനം മൂലം സമ്പൂർണ തകർച്ച നേരിടുന്ന അടുത്ത മേഖലയാണ് ടൂറിസം, പത്തു ലക്ഷത്തിലധികം പേർക്ക് നേരിട്ട് തൊഴിൽ നൽകുന്ന ടൂറിസം മേഖല വൻ തകർച്ച നേരിടുന്നു.

**2.സാമൂഹിക അകലം പാലിയ്ക്കൽ**

കോവിഡ് വ്യാപനം ഒഴിവാക്കാൻ സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക, കൈയിൽ സാനിറ്റൈസർ പുരട്ടുക എന്നതു മലയാളികളുടെ ജിവിത ചര്യയുടെ ഭാഗമായിരിക്കുന്നു. ആൾക്കൂട്ടങ്ങൾ രോഗവ്യാപനമുണ്ടാക്കുമെന്നതിനാൽ എല്ലാത്തരം കൂട്ടംകൂടലുകളും നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്തിരിക്കുന്നു. ഇതുമൂലം രാഷ്ട്രീയ പരിപാടികൾ, സമരങ്ങൾ, ഘോഷയാത്രകൾ, വിവാഹം, സംഘടനകളുടെ ആഘോഷ പരിപാടികൾ തുടങ്ങിയവ ശുഷ്കമായിരിക്കുന്നു. വലിയ തോതിൽ പണം മുടക്കി ആഡംബരത്തോടും ആർഭാടത്തോടും നടത്തിയിരുന്ന വിവാഹം ഇപ്പോൾ നിലച്ചിരിക്കുന്നു. വിലപിടിപ്പുള്ള ക്ഷണക്കത്ത്, ആഡംബര ഹാളുകൾ, വധുവിന്റെ സ്വർണപ്രദർശനം, വിവാഹം നടത്താൻ ഇവന്റ് മാനേജ്മെന്റ്, ഫോട്ടോ, വീഡിയോ ഷൂട്ടിങ്, മദ്യസത്കാരങ്ങൾ തുടങ്ങിയവയ്ക്ക് പ്രസക്തിയില്ലാതായി. പള്ളികൾ, അമ്പലങ്ങൾ, മറ്റു ദേവാലയങ്ങൾ എന്നിവയിൽ പോകുന്ന) ജനങ്ങളുടെ എണ്ണം വളരെ കുറഞ്ഞു. മതരാഷ്ട്രീയം കളിച്ചു തെരഞ്ഞെടുപ്പിൽ വിജയം നേടി അധികാരത്തിലെത്താമെന്നു സ്വപ്നം കണ്ടിരുന്നവരും നിരാശരായി. ജാഥ നടത്തി വഴിമുടക്കു സൃഷ്ടിക്കുന്നതാണ് രാഷ്ട്രിയപ്രവർത്തനം എന്ന് കരുതിയവരും ജനങ്ങളെ റോഡിൽ ഇറക്കി ശക്തിപ്രകടനം നടത്തുന്നതും പഴങ്കഥയായി. മരിച്ച വ്യക്തിയെ ആദരിക്കാൻ മരണവീട്ടിൽ പോവുകയെന്നത് നമ്മുടെ നാട്ടിലെ ഒരു സാമൂഹിക മര്യാദയായിരുന്നു. ഇപ്പോൾ ആര് മരിച്ചാലും കോവിഡ് ആണെന്നു പറഞ്ഞും രോഗവ്യാപനം ഭയന്നും ജനങ്ങൾ മരണാനന്തര ചടങ്ങുകളിൽനിന്നു മാറിനിൽക്കുന്നു. കോവിഡ് രോഗംമൂലം മരിച്ചയാളെ പള്ളി സെമിത്തേരിയിൽ കുഴിച്ചിടുന്നതിന് എതിരെ ജനങ്ങൾ പ്രക്ഷോഭം നടത്തുന്നു. ബസിലോ ട്രെയിനിലോ മറ്റു പൊതു വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ ഒന്ന് തുമ്മുന്നതുപോലും സഹയാത്രക്കാരെ ഭീതിയിലാക്കുന്നു.

### 3.പ്രവർത്തരംഗം വീട്ടിലേക്ക്

വീട് പ്രധാനമായും താമസിക്കാനുള്ള ഒരിടമായിട്ടാണ് നമ്മുടെ സമൂഹം കാണുന്നത്. ആധുനിക സമൂഹത്തിൽ ഉത്പാദനം, സേവനം വിതരണം തുടങ്ങിയവ ഒരു ചെറിയ ഭാഗമൊഴിച്ച് മറ്റെല്ലാം സ്ഥാപനങ്ങളിലാണ് നടക്കുന്നത്. കുട്ടികൾ പഠിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും രോഗികൾ ആശുപത്രികളിലേക്കും സർവീസ് മേഖലയിലുള്ളവർ സർക്കാർ, സ്വകാര്യ ഓഫീസുകളിലേക്കും തൊഴിലാളികൾ തൊഴിൽ ഇടങ്ങൾ, ഫാക്ടറികൾ എന്നിവിടങ്ങളിലേക്കും പോകുന്നു. കച്ചവടം, ബിസിനസ്, വ്യവസായം തുടങ്ങിയവ നടക്കുന്നതും സ്ഥാപനങ്ങളിലാണ്. കോവിഡ് വ്യാപനം പ്രവർത്തനരംഗം സ്ഥാപനങ്ങളിൽനിന്നു വീടുകളിലേക്കു മാറ്റി. സാമൂഹിക വ്യാപനം ഭയന്നു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പകരം ഓൺലൈൻ പഠിപ്പിക്കലിലേക്കു മാറിയിരിക്കുന്നു. കുട്ടികൾ വീട്ടിലിരുന്നു പഠിക്കുന്നു. ഈ മാറ്റം കാരണം ആയിരക്കണക്കിനു സ്വകാര്യ പാരലൽ കോളജുകൾ, ട്യൂഷൻ സെന്ററുകൾ, പ്രവേശന പരിശീലനകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം നിലച്ചിരിക്കുന്നു. സർക്കാർ ഓഫിസുകളിൽ പ്രവർത്തിച്ചിരുന്നവരിൽ ഒരു വിഭാഗം ഇപ്പോൾ വീട്ടിലിരുന്നു ജോലി ചെയ്യുന്നു. സംസ്ഥാനത്തെ ഐ.റ്റി. പാർക്കുകളിൽ ജോലി ചെയ്യുന്നവരിൽ സിംഹഭാഗവും ഇപ്പോൾ വീട്ടിലിരുന്നു ജോലി ചെയ്യുന്നു. സിനിമ കാണാൻ ഇപ്പോൾ തിയറ്ററുകളില്ല. വീട്ടിലിരുന്നു പഴയ സിനികൾ ടിവിയിലൂടെ കാണാം. ഭക്ഷണത്തിനു ഹോട്ടലുകളെയും വിതരണ ഏജൻസിളെയും ആശ്രയിച്ചിരുന്നവരിൽ ഭൂരിഭാഗവും സ്വന്തമായി ഭക്ഷണ പാകം ചെയ്യുന്നു. ഇപ്പോൾ വിടുകളും ആശുപത്രിയുടെ സ്വഭാവത്തിലുള്ള ക്വാറന്റൈൻ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു

താമസത്തിനുമാത്രം ലക്ഷ്യമിട്ടു പണിത വീടുകളിൽ ഈ മാറ്റം വലിയ സ്ഥലപരിമിതി സൃഷ്ടിച്ചിട്ടുണ്ട്. മാത്രമല്ല, 24 മണിക്കൂർ നേരവും വൈദ്യുതി ലഭ്യത, ഇ-മെയിൽ ബന്ധം, മുടങ്ങാത്ത കുടിവെള്ള വിതരണം, ടിവി, മൊബൈൽ ഫോൺ സൗകര്യങ്ങൾ തുടങ്ങിയവയും അനിവാര്യ ഘടകമായി മാറിയിരിക്കുന്നു. കുട്ടികളെ സ്കൂളിൽ വിട്ടിട്ടു ജോലിക്കു പോയിരുന്ന ദമ്പതിമാർക്ക് ഈ മാറ്റം വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. വീട് താമസത്തിനുമാത്രമല്ല തൊഴിൽ ചെയ്യാനും ഉത്പാദനം നടത്താനും രോഗചികിത്സയ്ക്കും പറ്റിയ ഇടമാണന്ന കാഴ്ചപ്പാടോടെ വീട് പണിയേണ്ട കാലത്തേക്ക് കോവിഡ് നമ്മെ എത്തിച്ചിരിക്കുന്നു.

### 4. ആഡംബരം വേണ്ട

മനുഷ്യജീവിതത്തിന് അത്യാവശ്യമായി വേണ്ടത് ആഹാരം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയവയാണ്, പഴയ തലമുറക്കാർ ഈ കാര്യങ്ങൾ ലഭിച്ചാൽ സംതൃപ്തരായിരുന്നു. ഇന്നു സ്ഥിതി മാറിയിരിക്കുന്നു. മനുഷ്യന് ആഡംബത്തോടെ ജീവിക്കാൻ ഒട്ടനവധി ഉത്പന്നങ്ങളും സർവീസുകളും കമ്പോളത്തിൽ ലഭ്യമാണ്. അവ

നേടിയെടുക്കാൻ മനുഷ്യർക്ക് ആർത്തിയാണ്. വീടുകളിൽ എ.സി, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ ആഡംബരവസ്തുക്കൾ വേണം. ഗൾഫിൽ കഠിനമായ സാഹചര്യങ്ങളിൽ ജോലി ചെയ്ത് നേടിയ പണത്തിന്റെ സിംഹഭാഗവും മലയാളികളായ പ്രവാസികൾ ചെലവഴിച്ചതു വിടുകൾ പണിയാനാണ്. പ്രത്യേകിച്ച് വലിയ വീടുകൾ. നാടൻ ആഹാരങ്ങൾ വീട്ടിൽ പാചകം ചെയ്തിരുന്ന സ്ഥാനത്തു നഗരവാസികൾക്ക് ഹോട്ടലിൽ പാകം ചെയ്ത ന്യൂജനറേഷൻ വിഭവങ്ങൾ വേണം. മാത്രമല്ല, ഹോട്ടൽ ഭക്ഷണം വീട്ടിലെത്തിക്കാൻ ഡെലിവറി സംവിധാനങ്ങൾ വേണം. ചെറിയ മോട്ടോർ വാഹനങ്ങൾ വിട്ടു വിലകൂടിയ ആഡംബര വാഹനങ്ങളിലേക്ക് മാറുന്ന പ്രവണത ഇടത്തരക്കാരിലും വ്യാപകമാണ്. വരുമാനത്തിന്റെ സിംഹഭാഗവും വാഹനവായ്പ അടയ്ക്കാനും വാഹനം ഓടിക്കാനുള്ള ചെലവുകൾക്കും ഉപയോഗിക്കുന്നവർ ധാരാളമാണ്. കുട്ടികളെ നേരം വെളുക്കുന്നതു മുതൽ രാത്രി വരെ ട്യൂഷൻ കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, എൻട്രൻസ് കോച്ചിങ് സെന്ററുകൾ തുടങ്ങിയവയിൽ പഠിപ്പിച്ചാലേ കുട്ടികൾക്ക് ഭാവിയുള്ളുവെന്നു രക്ഷിതാക്കൾ കരുതുന്നു. ധനസ്ഥിതിയില്ലെങ്കിലും ചെലവേറിയ വിദേശ വിദ്യാഭ്യാസത്തിനായി കടംവാങ്ങി കുട്ടികളെ അയയ്ക്കുന്നു. ചെറിയ ബജറ്റിൽ ചലച്ചിത്രം നിർമ്മിക്കുന്ന സ്ഥാനത്തു കോടികൾ മുതൽമുടക്കി ആഡംബര ചിത്രങ്ങൾ നിർമ്മിക്കുന്ന പ്രവണതയാണ് ഇന്നു കാണുന്നത്. ഏതു മോശം ഉത്പന്നങ്ങളേയും പരസ്യം വഴി ജനങ്ങളെ കബളിപ്പിച്ചു കച്ചവടം നടത്തുകയാണ് പുതിയ വിപണനശൈലി. ഇത്തരത്തിലുള്ള അനാവശ്യ ആഡംബര ഉൽപ്പന്നങ്ങളും സർവിസുകളും പരസ്യവും നടത്തുന്ന സ്ഥാപനങ്ങൾക്കു കോവിഡ് മുന്നറിയിപ്പു നൽകിയിരിക്കുന്നു, ഇത്തരം ബിസിനസുകൾക്കു കോവിഡാനന്തര കാലഘട്ടത്തിൽ പ്രസക്തിയില്ലെന്ന്. അഭൂതപൂർവമായ സാമ്പത്തികത്തകർച്ചയുടെ കാലത്ത് ആഡംബരത്തിനു ഒരു പ്രസക്തിയുമില്ല, അത്യാവശ്യകാര്യങ്ങൾക്ക് മാത്രമേ പ്രസക്തിയുള്ളൂ.

### 5.അക്കയിൽനിന്ന് ഇക്കരിയിലേക്ക്

ഇക്കരയിൽനിന്നു നോക്കുമ്പോൾ നദിയുടെ അക്കര പച്ചയാണെന്നു തോന്നുമെന്നൊരു പഴഞ്ചൊല്ലുണ്ട്. കേരളം തങ്ങൾക്ക് മുന്നേറാൻ പറ്റിയ നാടല്ലെന്ന് ഒരു വിഭാഗം ചെറുപ്പക്കാർ കരുതുന്നു. അതിനാൽ അന്യസംസ്ഥാനങ്ങളിലേക്കും ഗൾഫ് രാജ്യങ്ങളിലേക്കും മറ്റു വികസിത രാജ്യങ്ങളിലേക്കും കുടിയേറി വൻ നേട്ടങ്ങൾ ഉണ്ടാക്കുകയാണ് അവരുടെ സ്വപ്നം. ഇരുപതു ലക്ഷത്തോളം മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ കുടിയേറ്റക്കാരും അവരുടെ ആശ്രിതരുമായി ഉണ്ടെന്ന് കണക്കാക്കുന്നു. ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളിലും കേരളിയരുണ്ട്. ഇന്ത്യയിലെ എല്ലാ പ്രധാന പട്ടണങ്ങളിലും മലയാളി സമൂഹത്തെ കാണാം, പ്രവാസിയെന്നു പത്രാസ് പറഞ്ഞുനടന്ന മലയാളികളെ ഇപ്പോൾ കോവിഡ് വെള്ളം കുടിപ്പിക്കുകയാണ്. തൊഴിൽ നഷ്ടപ്പെട്ടവരും താത്കാലിക ആവശ്യങ്ങൾക്കും വിദേശത്തു പോയവരും വിദ്യാർഥികളും എങ്ങനെയെങ്കിലും നാട്ടിൽ തിരിച്ചെത്തിയാൽ മതിയെന്ന സ്ഥിതിയാണ്. നാട്ടിലെത്തിയാൽ തങ്ങൾ കോവിഡ് ഭീഷണിയിൽനിന്നു മുക്തമാകുമെന്നാണ് ഇവരുടെ ഉറച്ച വിശ്വാസം. അക്കര പച്ച തേടി ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും വിദേശത്തും പോയവർ ഇപ്പോൾ പറയുന്നു, ഇക്കരെയാണ്

പച്ചയെന്ന് (കേരളം). ചുരുക്കത്തിൽ കേരളീയരുടെ കുടിയേറ്റ സങ്കൽപങ്ങളിൽ കോവിഡ് പകർച്ചവ്യാധി വലിയ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

**6. എല്ലാത്തിനും ഐ.റ്റി.**

1980-കളിൽ കമ്പ്യൂട്ടർവത്ക്കരണത്തിനെതിരേ വൻസമരങ്ങൾ നടന്ന നാടാണ് കേരളം. കാലം മാറി. ഇന്നു കോവിഡ് വ്യാപിച്ചതോടെ സാമൂഹിക അകലം പാലിക്കാൻ ഐ.റ്റി. സാങ്കേതികവിദ്യയെ കൂടുതലായി ആശ്രയിക്കുന്നു. കമ്പ്യൂട്ടറോ അതിന്റെ ചെറിയ പതിപ്പായ സ്മാർട്ട് ഫോണോ ഇന്നു കുട്ടികളുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്നു. പ്രൈമറി ക്ലാസുകൾ മുതലുള്ള അധ്യയനം ഇപ്പോൾ നടക്കുന്നത് ഓൺലൈൻ വഴിയാണ്. സർക്കാർ/പ്രാദേശിക സർക്കാരുകൾ നൽകുന്ന പല സേവനങ്ങൾ (സർട്ടിഫിക്കറ്റ്, പണമടയ്ക്കാൻ തുടങ്ങിയ) ഓൺലൈൻ വഴിയാണ്. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വലിയതോതിൽ ഓൺലൈനായിക്കൊണ്ടിരിക്കുന്നു. ഐ.റ്റി. പാർക്കുകളിൽ ജോലി ചെയ്യുന്നവരിൽ സിംഹഭാഗവും വീട്ടിലിരുന്നു ജോലിചെയ്യുന്നു. പണമിടപാടുകൾ ഓൺലൈൻ വഴി നടത്തി കോവിഡിൽ നിന്നു രക്ഷ നേടാൻ റിസർവ് ബാങ്ക് ആഹ്വാനം നൽകിയിരിക്കുന്നു. ബാങ്ക് ഇടപാടുകൾ, പണമിടപാടുകൾ, ബില്ലുകൾ അടയ്ക്കൽ എന്നിവ ഓൺലൈനായി മാറിക്കാനാണ്ടിരിക്കുന്നു. സർക്കാർ സർവകലാശാലകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ കോൺഫറൻസുകൾ, സെമിനാറുകൾ, യോഗങ്ങൾ തുടങ്ങിയവയും ഓൺലൈൻ വഴിയാണ് നടക്കുന്നത്. കോവിഡ് രോഗഭീതി മനുഷ്യരെ ഐ.റ്റി. സാങ്കേതികവിദ്യയിലേക്കു തള്ളിവിടുന്ന ഒരു സാഹചര്യമുണ്ടാക്കിയിരിക്കുന്നു. ഐ.റ്റി. സാങ്കേതികവിദ്യയുടെ സഹായമില്ലാതെ നിത്യജീവിതംതന്നെ സാധ്യമല്ല എന്ന നിലയിലേക്കു കാര്യങ്ങൾ നിങ്ങുന്നു.

**7. ചെറുത് സുന്ദരം**

വൻകിട കച്ചവടകേന്ദ്രങ്ങൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ, കെട്ടിടങ്ങൾ, വ്യവസായശാലകൾ തുടങ്ങിയവ പണിയുകയാണ് ആധുനിക കാലത്തെ വികസന സങ്കല്പം. ചെറുതെല്ലാം ദാരിദ്ര്യവാസികളുടെയും പിന്നാക്കം നിൽക്കുന്നവരുടെതുമാണെന്നാണ് സങ്കൽപം. കോവിഡ് ഈ സങ്കൽപം തകർത്തുകളഞ്ഞു. കച്ചവടം, വിനോദം, മറ്റു സർവിസുകൾ ഇവ നടത്തിയിരുന്ന വൻ മാളുകൾ കോവിഡ് മൂലം അടച്ചിട്ടിരിക്കുന്നു. തിയറ്ററുകളും തിയറ്റർ കോംപ്ലക്സുകളും അടഞ്ഞു കിടക്കുന്നു. വൻകിട സിനിമാ ഉത്പാദനം നിർത്തിവച്ചിരിക്കുന്നു, വലിയ ആഡംബര ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്കു ഭീതി കൂടുന്നു. ഫ്ലാറ്റ് ഒരു ജനസമൂഹം താമസിക്കുന്ന സ്ഥലമായതിനാൽ സാമൂഹികവ്യാപനത്തിനു സാധ്യത കൂടുതലാണ്. ഫ്ളാറ്റിനേക്കാൾ സുരക്ഷിതത്വം വീടുകളാണെന്നു ജനങ്ങൾ കാണുന്നു. വൻ സ്റ്റേഡിയങ്ങളിൽ ഇപ്പോൾ കളികൾ നടത്തുന്നില്ല. ആഗോള ബിസിനസ് പോലെ നടത്തുന്ന ക്രിക്കറ്റ് കളിയും പരസ്യ കോലാഹലങ്ങളും ഇപ്പോൾ നിലച്ചിരിക്കുന്നു, എയർ കണ്ടീഷൻ (എ.സി) ഇല്ലാതെ ജീവിക്കാൻ കഴിയുന്ന നാടാണ് കേരളം. എന്നാൽ, എല്ലാത്തരം

കെട്ടിടങ്ങളിലും എ.സി. ഉപയോഗം വർധിച്ചിരിക്കുന്നു. ഈ അടച്ചിട്ട എ.സി. മുറി കോവിഡിന് വളരാൻ പറ്റിയ സ്ഥലമാണെന്നാണ് കണ്ടെത്തൽ. കേവിഡ് ആരോഗ്യത്തിനു എ.സി. മുറി നല്ലതല്ലെന്ന സന്ദേശവും നൽകുന്നു.

ഈ ചർച്ച ഉപസംഹരിക്കാം. ആരും പ്രതീക്ഷിക്കാത്ത അഭൂതപൂർവമായ സാമ്പത്തിക-സാമൂഹിക മാറ്റങ്ങളാണു കോവിഡ് പകർച്ചവ്യാധി നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ജീവിത ചിന്താഗതി, ലക്ഷ്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ പ്രതീക്ഷകൾ, കുടിയേറ്റ സങ്കൽപങ്ങൾ, നിക്ഷേപ താത്പര്യങ്ങൾ, നാടിനോടുള്ള പ്രതിപത്തി തുടങ്ങിയവയിൽ വൻ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തിക, ഉത്പാദന, തൊഴിൽ, കടിയേറ്റ രംഗങ്ങളിൽ കോവിഡ് സൃഷ്ടിച്ച വൻ തകർച്ച മനുഷ്യൻ ആഡംബരങ്ങൾക്കുവേണ്ടി കെട്ടിപ്പൊക്കിയ കോട്ടകൾ തകർത്തുകളഞ്ഞിട്ടുണ്ട്. ആഡംബരത്തിലധിഷ്ഠിതമായ വികസന സമ്പ്രദായത്തിൽനിന്നു മാറേണ്ട സന്ദേശവും കോവിഡ് നൽകുന്നു.

**(മംഗളം, 2020, ജൂലൈ 2 & 3)**

# അദ്ധ്യായം 2
# കോവിഡ് ശുദ്ധീകരിച്ച രാഷ്ട്രീയ രംഗം

മലയാളികൾ രാഷ്ട്രീയ കാര്യങ്ങളിലും, രാഷ്ട്രീയ പ്രവർത്തനങ്ങളിലും വളരെ താല്പര്യം ഉള്ളവരാണ്. രാഷ്ട്രീയ സിദ്ധാന്തങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, രാഷ്ട്രീയ ജാതികൾ ഇവയ്ക്ക് പ്രാധാന്യം ഉള്ള നാടാണ് കേരളം. മുൻപ് ജാതിയുടെ അടിസ്ഥാനത്തിലാണ് സാമൂഹ്യ ബന്ധങ്ങൾ നിലനിന്നിരുന്നതെങ്കിൽ ഇപ്പോൾ രാഷ്ട്രീയ ജാതി അടിസ്ഥാനത്തിലാണ് ബന്ധങ്ങൾ നിലനിൽക്കുന്നത്. എന്തിനും ഒരാളുടെ രാഷ്ട്രീയ ജാതി ഒരു പ്രധാന ഘടകം ആണ്. നാടിന് സ്വാതന്ത്ര്യം നേടാൻ സമരം ചെയ്യുക, അസമത്വത്തിനും അഴിമതിക്കും ആക്രമങ്ങൾക്കും എതിരെ പോരാടുക, ജനക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുക എന്ന നിലയിൽ നിന്ന് ലാഭം നേടാൻ വേണ്ടി കച്ചവടമോ, ബിസിനസ്സ് നടത്തുന്ന നിലയിലേക്ക് രാഷ്ട്രീയ ശൈലി പൊതുവിൽ മാറിയിരിക്കുന്നു. രാഷ്ട്രീയ പ്രവർത്തകരിൽ നല്ലൊരു വിഭാഗം പേരും മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകരാണ്. ജീവിക്കാൻ വേണ്ടിയുള്ള ഒരു തൊഴിലായും ഉപജീവനമാർഗ്ഗമായും ഇതിനെ ഒരു വിഭാഗം കാണുന്നു. എന്തിനും സംഭാവന പിരിക്കലും കമ്മിഷൻ വാങ്ങലും രാഷ്ട്രീയ പ്രവർത്തന ശൈലിയായി മാറിയിരിക്കുന്നു.

### കോവിഡ് നിയന്ത്രണങ്ങൾ

കഴിഞ്ഞ ആറു മാസങ്ങളായി കോവിഡ് വ്യാപനം തടയാൻ വേണ്ടി കടുത്ത നടപടികളാണ് നടപ്പിലാക്കി വരുന്നത്. സമ്പൂർണ്ണ ലോക്ക്ഡൗൺ, ഭാഗിക ലോക്ക്ഡൗൺ, യാത്രാ നിരോധനം, സാമൂഹിക അകലം പാലിയ്ക്കൽ, കൂട്ടം ചേരൽ നിരോധനം തുടങ്ങിയ പല നടപടികളും ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും (പഞ്ചായത്ത്, മുനിസിപാലിറ്റി) നടപ്പിലാക്കി വരുന്നു. ഇതിൽ യാത്രാനിരോധനം, സാമൂഹിക അകലം പാലിയ്ക്കൽ, കൂട്ടം ചേരൽ നിരോധനം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടച്ചിടൽ തുടങ്ങിയവ രാഷ്ട്രീയ പാർട്ടികളുടെയും അവയുടെ അനുബന്ധ സംഘടനകളുടെയും പ്രവർത്തനത്തിൽ വലിയ മാറ്റം വരുത്തിയിരിക്കുന്നു. ഇത് പരിശോധിയ്ക്കുന്നു.

### ജാഥകൾ നിലച്ചു

യാത്രാ നിരോധനം, സാമൂഹ്യഅകലം പാലിയ്ക്കൽ, കൂട്ടം ചേരൽ നിരോധനം എന്നിവ മൂലം പൊതുനിരത്തുകളിൽ നടത്തിയിരുന്ന എല്ലാ വിധ ജാഥകളും നിലച്ചു. രാഷ്ട്രീയ പാർട്ടികൾ, സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളി സംഘടനകൾ, വിദ്യാർഥി സംഘടനകൾ തുടങ്ങിയവയുടെ ഒരു പ്രധാന രാഷ്ട്രീയ പ്രവർത്തനം വഴിമുടക്കിയുള്ള ജാഥകൾ നടത്തലാണ്. പത്ത് പേർ ജാഥ നടത്തിയാലും വാഹന ഗതാഗതം തടയുകയാണ് നാട്ടിലെ രാഷ്ട്രീയ ശൈലി. തിരുവനന്തപുരം സെക്രട്ടേറിയേറ്റിന് മുന്നിലുള്ള കവല കോവിഡിന് മുൻപ് ഒരു വഴിമുടക്ക് കേന്ദ്രമായിരുന്നു. ജാഥകൾ വന്ന് അവസാനിയ്ക്കുന്ന കേന്ദ്രമായിരുന്നു. ഇതുമൂലം ജനങ്ങൾക്ക് മനസമാധാനത്തോടെ വാഹനയാത്രകൾ നടത്താൻ പറ്റാത്ത ഒരു പാതയായിരുന്നു അത്. ജാഥകൾ

മൂലം ഈ പാതയിലെ വാഹനങ്ങൾ മറ്റു പാതകളിലേക്ക് തിരിച്ചു വിടുന്നത് നഗരത്തിൽ നിത്യവും ഗതാഗത സ്തംഭനം ഉണ്ടാക്കിയിരുന്നു. കോവിഡ് കാല നിയന്ത്രണങ്ങൾ ഈ സ്ഥിതിയിൽ ഇതുവരെ ഉണ്ടാകാത്ത മാറ്റം വരുത്തിയിരിയ്ക്കുന്നു. കേരളത്തിലെ ഏതാണ്ട് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും മുനിസിപ്പാലിറ്റികളിലും ഇത്തരത്തിലുള്ള വാഹനയാത്രാ തടസങ്ങൾ നിലനിന്നിരുന്നു. ഇത്തരത്തിലുള്ള അവസ്ഥ ഉണ്ടായിരുന്ന എല്ലാ കേന്ദ്രങ്ങളിലും ഇപ്പോൾ തടസ്സമില്ലാതെ വാഹനയാത്ര നടത്താം എന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്.

**സമ്മേളനങ്ങൾ നിലച്ചു**

കൂട്ടം ചേരൽ നിയന്ത്രണങ്ങൾ ഇതുവരെ ഉണ്ടാക്കാത്ത മാറ്റങ്ങളാണ് രാഷ്ട്രീയ പ്രവർത്തന രംഗത്ത് ഉണ്ടാക്കിയിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ആണിക്കല്ല് വൻസമ്മേളനങ്ങൾ നടത്തലാണ്. രാഷ്ട്രീയ പാർട്ടികൾ ഒരു പഞ്ചായത്തിലെ വാർഡ് തലം മുതൽ സംസ്ഥാന തലം വരെ സമ്മേളനങ്ങൾ നടത്തുന്നു. സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ വലിപ്പമാണ് പാർട്ടികളുടെ വലിപ്പത്തിന്റെയും ശക്തിയുടെയും അളവ് കോലായി കാണുന്നത്. ഇതിനു പുറമേ സംഘടനകളും സമ്മേളനങ്ങൾ നടത്തുന്നു. പാർട്ടികൾക്കും സംഘടനകൾക്കും വരുമാനം ഉണ്ടാക്കാനുള്ള പ്രധാന പരിപാടിയാണിത്. സമ്മേളനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ, സ്ഥാപനങ്ങൾ, കടകമ്പോളങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും വലിയ തുക നിർബന്ധമായി പിരിക്കാനും ഈ അവസരം ഉപയോഗിയ്ക്കുന്നു. ഇവർ വലിയ തുക നിർബന്ധിതമായി പിരിക്കുന്നുവെന്നു വ്യാപകമായ പരാതിയുണ്ട്. കോവിഡ് ഈ സ്ഥിതിയിൽ വലിയ മാറ്റം ഉണ്ടാക്കിയിരിയ്ക്കുന്നു.

**ഉത്ഘാടനം വേണ്ട**

സംസ്ഥാനത്തെ മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും വിലപ്പെട്ട സമയം ഗണ്യമായി നഷ്ടപ്പെടുത്തുന്ന ഒരു പരിപാടിയാണ് ഉത്ഘാടനങ്ങൾ നടത്താൻ വേണ്ടിയുള്ള നിരന്തരമായ ദീർഘയാത്രകൾ. ഒരു പെട്ടിക്കട, ചെറിയ സർക്കാർ ഓഫീസ്, സ്കൂളിൽ പുതിയതായി പണിത ഒരു മുറി തുടങ്ങിയവ പോലും ഉത്ഘാടനം നടത്താൻ മന്ത്രിമാർ ദീർഘയാത്ര ചെയ്യുന്നു. ആ ചടങ്ങിൽ അധ്യക്ഷത വഹിക്കാൻ സ്ഥലത്തെ എം.എൽ,എ.യും എത്തുന്നു. സെക്രട്ടേറിയേറ്റിലിരുന്ന് ഭരണം നടത്താനും വികസനപരിപാടികളെക്കുറിച്ചും ചിന്തിക്കേണ്ട മന്ത്രിമാരുടെ വിലപ്പെട്ട സമയം ഇങ്ങനെ ചെറിയ കാര്യങ്ങൾക്കായി നഷ്ടപ്പെടുത്തുന്നു. കോവിഡ് ഇത്തരത്തിലുള്ള ചെറുകിട ഉത്ഘാടന പരിപാടികൾ ഇല്ലാതാക്കി. വലിയ സ്ഥാപനങ്ങളുടെ ഉത്ഘാടന പരിപാടികൾ ഇപ്പോൾ ഓൺലൈനായി നടത്തുന്നു. ഇത്തരത്തിലുള്ള മാറ്റം ഇതുവരെ ഉണ്ടായിട്ടില്ല. കോവിഡ് വിപ്ലവകരമായ മാറ്റം ഈ രംഗത്ത് സൃഷ്ടിച്ചു.

**ചടങ്ങുകൾ**

മരണം, വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകളിൽ തങ്ങളുടെ ജനപ്രതിനിധികൾ (വാർഡ് മെമ്പർ, മുനിസിപ്പൽ ചെയർപെഴ്സണൽ, എം.എൽ.എ, മന്ത്രി തുടങ്ങിയവർ) പങ്കെടുക്കണമെന്ന്

ജനങ്ങൾ ആഗ്രഹിക്കുന്നു. ഈ ചടങ്ങുകളിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ സാധാരണ പോകാറുണ്ട്. പ്രാദേശിക പാർട്ടി നേതാക്കൾ തങ്ങളുടെ എം.എൽ.എ. മാരെയും മന്ത്രിമാരെയും ഈ ചടങ്ങുകളിൽ എത്തിക്കാൻ സമ്മർദ്ദം ചെലുത്തുന്നു. തലസ്ഥാനത്ത് നിന്നും വളരെ അകലെയുള്ള തന്റെ മണ്ഡലത്തിലെ ഒരു വ്യക്തിയുടെ മരണത്തിൽ പങ്കെടുക്കാൻ വേണ്ടി പ്രധാന ഔദ്യോഗിക ചുമതലകൾ മാറ്റി വച്ച് മന്ത്രിമാർ പോകുന്നത് സാധാരണമാണ്. യാതൊരു ന്യായീകരണങ്ങളും ഇല്ലാത്ത ഈ ആചാരങ്ങൾക്ക് കോവിഡ് അന്ത്യം കുറിച്ചു.

**മാഫിയ വിദ്യാർത്ഥി രാഷ്ട്രീയം**

കേരളത്തിലെ പല കോളേജുകളിലെയും വിദ്യാർഥി രാഷ്ട്രീയം മാഫിയാ രാഷ്ട്രീയമായിരുന്നു. വിദ്യാർഥികളെ തങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് ബലം പ്രയോഗിച്ച് കൊണ്ട് വരുന്നു. തങ്ങളുടെ ആജ്ഞ അനുസരിക്കാത്തവരെ കഠാരപ്രയോഗം നടത്തി ഒതുക്കുന്നു. രാഷ്ട്രീയ അതിപ്രസരം ബാധിച്ച ഒരു വിഭാഗം അധ്യാപകർ ഈ മാഫിയയ്ക്ക് കുടപിടിയ്ക്കുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ കഴിഞ്ഞ വർഷം നടന്ന സംഭവങ്ങൾ. കോവിഡ് മൂലം കോളേജുകൾ ഇതുവരെ തുറന്നിട്ടില്ല. അധ്യയനം ഇപ്പോൾ ഓൺലൈൻ ആയി മാറിയിരിക്കുന്നു. മാഫിയ വിദ്യാർഥി രാഷ്ട്രീയത്തിന്റെ പ്രസക്തിയും ഇല്ലാതായി.

**ഇല്ലാതാകുന്ന ചെറു പാർട്ടികൾ**

കോവിഡ് കാലത്തെ മറ്റൊരു മാറ്റമാണ് ചെറുകിട രാഷ്ട്രീയ പാർട്ടികളുടെ പ്രസക്തി നഷ്ടപ്പെടൽ. സാധാരണ ഗതിയിൽ 71 എം.എൽ.എ. മാർക്ക് (നിയമസഭയിലെ കേവല ഭൂരിപക്ഷം) 22 മന്ത്രിമാർ എന്ന് കണക്കാക്കിയാൽ ഒരു മന്ത്രിയാകാൻ ഒരു പാർട്ടിക്ക് 3.2 എം.എൽ.എ. മാർ വേണം. എന്നാൽ ഒരു എം.എൽ.എ. മാത്രം ഉണ്ടെങ്കിലും പാർട്ടി സംസ്ഥാന പാർട്ടി ആണെന്ന് പറഞ്ഞു മന്ത്രി സ്ഥാനം നേടുന്ന പതിവ് കേരളത്തിലുണ്ട്. ഒരു എം.എൽ.എ. ഉള്ള പാർട്ടിക്കും ജില്ലാതല കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയും ഉണ്ടെന്നാണ് പറയുന്നത്. ഇതുമൂലം ചെറിയ പാർട്ടികളെല്ലാം ഒരു എം.എൽ.എ. പാർട്ടിയായി മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ മാറ്റം കേരളത്തിൽ ദൃശ്യമാണ്. ഇത്തരം തട്ടിപ്പ് രാഷ്ട്രീയത്തിന്റെ പ്രസക്തി കോവിഡ് ഇല്ലാതാക്കി.

സംസ്ഥാന ചരിത്രത്തിൽ ഒരു പകർച്ചവ്യാധി ഇത്രയും അധികം സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടില്ല. രാഷ്ട്രീയ രംഗത്ത് ഉണ്ടായിരുന്ന ഒട്ടനവധി അനാരോഗ്യകരമായ പ്രവർത്തന ശൈലികൾ കോവിഡ് ഇല്ലാതാക്കി. രാഷ്ട്രീയ രംഗത്ത് വലിയ ശുദ്ധീകരണമാണ് കോവിഡ് ഉണ്ടാക്കിയത്.

**(മംഗളം, 2020, ഓഗസ്റ്റ് 27)**

# അദ്ധ്യായം 3

# ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങളെ തകർത്ത് കോവിഡ് മഹാമാരി.

പ്ലസ്ടുവിന് മുകളിലുള്ള വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിലും വിദേശത്തും ഉള്ള ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരാൻ ആഗ്രഹിക്കുന്നവരാണ്. ഇതിനു പ്രധാന കാരണം സംസ്ഥാനത്ത് സെന്റർ ഓഫ് എക്സ്സലൻസ് നിലവാരത്തിലുള്ളതോ ഉയർന്ന നിലവാരത്തിൽ ഉള്ളതോ ആയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമാണ്. ആർട്ട്സ്, സയൻസ്, കൊമേഴ്സ്, മെഡിസിൻ, ഡെന്റൽ, എന്ജിനീയറിംഗ്, ആർക്കിടെക്ച്ചർ, മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം പൊതുവേ പരിതാപകരമാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് പറ്റിയ തൊഴിലവസരങ്ങളും സംസ്ഥാന സർക്കാർ, പൊതുമേഖല, സ്വകാര്യ സംഘടിത മേഖല എന്നിവയിൽ തീരെ കുറവാണ്. ഇതുമൂലം സംസ്ഥാനത്തിന് പുറത്തും വിദേശത്തും വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി ചെറുപ്പക്കാർ കുടിയേറുന്നു. കോവിഡ് മൂലം നടപ്പിലാക്കിയ ദേശീയ പ്രാദേശിക ലോക്ക്ഡൗണുകളും തുടർച്ചയായ യാത്രാ നിരോധനവും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അടച്ചിടലും അന്യസംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കുമുള്ള ചെറുപ്പക്കാരുടെ കുടിയേറ്റ സ്വപ്നങ്ങൾ തകർത്തിരിക്കുന്നു. ഈ വിഷയം പരിശോധിക്കുന്നു.

### വിദ്യാഭ്യാസ ഗുണനിലവാരം

ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കും തൊഴിലിനും അനുസരിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ വരുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇത് മൂലം ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം വളരെ മോശമാണെന്നാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള സർവേകൾ ചൂണ്ടിക്കാണിയ്ക്കുന്നത്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ള കോളേജുകളെ റാങ്ക് ചെയ്തുകൊണ്ട് ഒരു ദേശിയ വാരിക (ഇന്ത്യ ടുഡേ, ജൂലൈ 6, 2020) ഒരു പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ഇതനുസരിച്ച് ആദ്യത്തെ 200 റാങ്കുകൾ നേടിയ സ്വകാര്യ എന്ജിനീയറിംഗ് കോളേജിൽ കേരളത്തിൽ ഉള്ളത് ഒരെണ്ണം മാത്രം. 120 ബി.ബി.എ. കോളേജുകളിൽ കേരളത്തിൽ ഉള്ളത് ഒരെണ്ണം മാത്രം. റാങ്കുകൾ നേടിയ 110 ബി.സി.എ കോളേജുകളിലും 40 ലോ കോളേജുകളിലും 30 ആർക്കിടെക്ച്ചർ കോളേജുകളിലും ഒന്ന് പോലും കേരളത്തിൽ ഇല്ല. 120 റാങ്കുകളിൽ ഉൾപ്പെട്ട ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ കേരളത്തിൽ ഉള്ളത് നാലെണ്ണം മാത്രം. 160 കൊമേഴ്സ് കോളേജുകളിൽ കേരളത്തിൽ ഉള്ളത് നാലെണ്ണം മാത്രം. നാല്പത് മെഡിക്കൽ കോളേജുകളിൽ കേരളത്തിൽ ഉള്ളത് ഒന്നും, നാല്പത് ഡെന്റൽ കോളേജുകളിൽ കേരളത്തിൽ ഉള്ളത് രണ്ടെണ്ണം മാത്രമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് രാജ്യത്ത് ഏറ്റവും മുൻപിൽ നിൽക്കാൻ എല്ലാവിധ സാധ്യതകളും കഴിവുറ്റ വിദ്യാർത്ഥികളും ഉള്ള ഒരു സംസ്ഥാനത്തിന്റെ പരിതാപകരമായ സ്ഥിതിയെയാണ് ഈ സർവേ കാണിയ്ക്കുന്നത്.

**മോശമായ ഉന്നതവിദ്യാഭ്യാസ രംഗം**

എന്ത് കൊണ്ട് ഉന്നത വിദ്യാഭ്യാസരംഗം ഇത്ര മോശമായി? ഒരു സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനം വിദ്യാഭ്യാസരംഗത്തും ആധുനിക ശാസ്ത്ര രംഗത്തും നേടുന്ന പുരോഗതിയെ ആശ്രയിച്ചിരിയ്ക്കുന്നു. ശാസ്ത്രരംഗത്തെ മുന്നേറ്റമാണ് മനുഷ്യന്റെ നിലനിൽപ്പും ജീവിത പുരോഗതിയും നിർണ്ണയിക്കുന്നത്. ഇതിന് അടിസ്ഥാനം ഇടേണ്ടത് ഉന്നത വിദ്യാഭ്യാസ മേഖലയാണ്. എന്നാൽ അത്തരം ഒരു കാഴ്ചപ്പാടോ, ലക്ഷ്യമോ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കില്ല. സർക്കാർ, പൊതുമേഖല, സ്വകാര്യ സംഘടിത മേഖല എന്നിവയിലെ സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ വേണ്ട വിദ്യാഭ്യാസയോഗ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്ന സ്ഥാപനങ്ങളായി ആണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ നമ്മുടെ സർക്കാർ, സർവകലാശാലകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ കാണുന്നത്. ഇതുമൂലം ഉന്നത വിദ്യാഭ്യാസമേഖലയിൽ കാലഹരണപ്പെട്ട കോഴ്സുകളും പരമ്പരാഗത വിദ്യാഭ്യാസ രീതികളുമാണ് അനുവർത്തിച്ചു വരുന്നത്. ആധുനിക കാലഘട്ടത്തിലെ മാറ്റങ്ങൾ അനുസരിച്ച് വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങളോ, ഗുണ നിലവാരമോ ഉണ്ടാകുന്നില്ല. ബിരുദ ബിരുദാന്തര കോഴ്സുകൾക്ക് പോലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി, ഇ-ലൈബ്രറി, ആധുനിക ലബോട്ടറികൾ, ജേർണലുകൾ, പുതിയ പുസ്തകങ്ങൾ, കമ്പ്യൂട്ടർ സൗകര്യങ്ങൾ തുടങ്ങിയവ മിക്ക ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലും ഇല്ല.

**പ്രായോഗിക ജ്ഞാനമില്ല**

സംസ്ഥാനത്തെ സ്വകാര്യ എൻജിനീയറിംഗ് കോളേജിൽ പഠിച്ച് ബിരുദം നേടിയതിൽ ഭൂരിഭാഗം പേരും എൻജിനീയറിംഗ് ജോലികൾ ചെയ്യാൻ പറ്റിയവരല്ലെന്നാണ് ഐ.റ്റി. കമ്പനികളുടെയും മറ്റ് തൊഴിൽ ദാതാക്കളുടെയും അഭിപ്രായം. കേരളത്തിലെ കോളേജുകളിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ എം.എ. ബിരുദം നേടിയ ഒരു വിദ്യാർത്ഥിക്ക് ഒരു സാമ്പത്തിക ശാസ്ത്ര ഗവേഷണ സ്ഥാപനത്തിൽ റിസർച്ച് അസിസ്റ്റന്റ് ആയി പ്രവർത്തിക്കാനുള്ള അറിവോ, പ്രായോഗിക ജ്ഞാനമോ, കമ്പ്യൂട്ടർ പരിജ്ഞാനമോ ഇല്ല. കേരളത്തിൽ കാർഷിക സർവകലാശാലകളിൽ കാർഷിക ബിരുദ കോഴ്സിന് പഠിയ്ക്കുന്ന മലയാളി വിദ്യാർത്ഥികളിൽ ഒരാൾ പോലും കർഷകനോ സ്വന്തമായി കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ താല്പര്യം ഉള്ളവരല്ല. എല്ലാവരും സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലും ജോലി നേടാൻ വേണ്ടി പഠിയ്ക്കുന്നവരാണ്. മെഡിക്കൽ കോളേജുകളിൽ പഠിയ്ക്കുന്നവരുടേയും മുഖ്യലക്ഷ്യം സർക്കാർ മേഖലയിൽ ജോലി നേടുക എന്നതാണ്. കേരളത്തിലെ നാല് സർവകലാശാലകളിൽ സാമ്പത്തിക ശാസ്ത്രത്തിൽ പി.എച്ച്.ഡി. ബിരുദത്തിന് സമർപ്പിച്ച ഒട്ടനവധി പ്രബന്ധങ്ങൾ പരിശോധിയ്ക്കാൻ ഈ ലേഖകന് അവസരം കിട്ടിയിട്ടുണ്ട്. ഈ പ്രബന്ധങ്ങളിൽ 75 ശതമാനത്തിനും വേണ്ടത്ര നിലവാരം ഇല്ലാത്തതാണ്. മാത്രമല്ല ഒരു ഗവേഷണ പേപ്പറിന് പോലുമുള്ള സത്ത് പല പ്രബന്ധങ്ങളിലും ഉള്ളതായി ലേഖകൻ കണ്ടിട്ടില്ല.

**വിദേശ പഠനം**

നാട്ടിലെ കോളേജുകളിൽ പഠിച്ചാൽ തങ്ങളുടെ ഭാവി ഇരുളടഞ്ഞതാകുമെന്നു ബോധ്യമുള്ള മിടുക്കരായ വിദ്യാർത്ഥികൾ തങ്ങളുടെ വസ്തുവകകൾ വിറ്റും, കടം മേടിച്ചും അന്യസംസ്ഥാനങ്ങളിലേക്കും വിദേശത്തും (അമേരിക്ക, യോറോപ്യൻ രാജ്യങ്ങൾ, കാനഡ, ചൈന, ഓസ്ട്രേലിയ തുടങ്ങിയവ) ഉന്നത പഠനത്തിനു പോയിരുന്നു. കോവിഡ് മൂലം അന്യസംസ്ഥാനങ്ങളിലും വിദേശത്തും പഠിച്ചിരുന്ന ഒട്ടനവധി വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ നാട്ടിൽ വരാൻ നിർബന്ധിതരായി. ഓൺലൈൻ പഠനം ഉണ്ടെങ്കിലും എത്രത്തോളം പേർക്ക് കോഴ്സുകൾ പൂർത്തിയാക്കാൻ കഴിയും എന്ന് കണ്ടറിയേണ്ട കാര്യമാണ്. പുതുതായി ആർക്കും അന്യസംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും പോകാനുള്ള സാഹചര്യം ഇപ്പോൾ ഇല്ല. ചുരുക്കത്തിൽ അന്യനാട്ടിൽ പോയി ഉയർന്ന നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസം നേടി ജീവിതത്തിൽ മുന്നേറാനായുള്ള മിടുക്കരായ വിദ്യാർഥികളുടെ സ്വപ്നം കോവിഡ് തകർത്തു.

ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം പരിതാപകരമായ നിലയിലാണെന്ന സന്ദേശമാണ് കോവിഡ് നൽകുന്നത്. ഇത് ഒരു അവസരമായും വെല്ലുവിളിയായും നാം ഏറ്റെടുക്കണം. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഗുണനിലവാരം മെച്ചമായ ദേശീയ സ്ഥാപനങ്ങളുടെ നിലയിലേക്ക് മാറ്റാനുള്ള വലിയ ശ്രമങ്ങൾ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. ആ നിലയിലേക്കുള്ള മാറ്റങ്ങൾക്ക് തുടക്കം കുറിയ്ക്കാൻ സർക്കാർ, സർവകലാശാലകൾ, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നവർ, അധ്യാപകർ, വിദ്യാർഥികൾ എന്നിവർ മുന്നോട്ടു വരേണ്ടതാണ്. അത്തരത്തിലുള്ള മാറ്റം ഉണ്ടാക്കാൻ കോവിഡ് നമുക്ക് അവസരം ഉണ്ടാക്കട്ടെ എന്ന് പ്രത്യാശിക്കാം.

**(മംഗളം, 2020, ജൂലൈ 22)**

# അദ്ധ്യായം 4

# സാമ്പത്തിക മേഖലകളെ തകർത്ത് കോവിഡ്

അതിവേഗം പടരുന്ന കോവിഡിനെ തടയാൻ രണ്ടുമാസത്തിലധികം നീണ്ടുനിന്ന നാല് ലോക്ക്ഡൗൺ ഇന്ത്യ മുഴുവനും നടപ്പിലാക്കിയെങ്കിലും ഇതിന്റെ വ്യാപനം തടയാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കോവിഡ് രോഗികളുടെ എണ്ണം ഇന്ത്യയിൽ 7.69 ലക്ഷമായും, കേരളത്തിൽ 6,196 ആയും വർദ്ധിച്ചിരിയ്ക്കുന്നു. ഇപ്പോൾ തിരുവനന്തപുരം നഗരസഭാപ്രദേശം മുഴുവനും ഒരാഴ്ചത്തേക്ക് ട്രിപ്പിൾ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിയ്ക്കുന്നു. കോവിഡ് കേരളത്തിലെ പ്രധാന സാമ്പത്തിക മേഖലകളെ എത്രത്തോളം ബാധിച്ചു എന്ന് പരിശോധിക്കുന്നു.

### 69 ദിവസത്തെ ലോക്ക്ഡൗൺ

കോവിഡ് വ്യാപനം തടയാൻ വേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കിയ 69 ദിവസത്തെ ലോക്ക്ഡൗണാണ് സാമ്പത്തിക മേഖലകളുടെ തകർച്ചയ്ക്ക് തുടക്കം കുറിച്ചത്. മാർച്ച് 24 മുതൽ ആദ്യം നടപ്പിലാക്കിയത് 27 ദിവസത്തെ കർഫ്യൂവിനു സമാനമായ ലോക്ക്ഡൗൺ ആണ്. തുടർന്ന് ചെറിയ ഇളവുകളും പിന്നീട് കൂടുതൽ ഇളവുകളും അനുവദിച്ചു. ചിലയിനം ചരക്ക് ഗതാഗതം ഒഴിച്ച് മറ്റെല്ലാ റോഡ്, റയിൽ, വ്യോമഗതാഗതം, ജലഗതാഗതം എന്നിവ പൂർണ്ണമായും നിർത്തിവച്ചു. ജനങ്ങളുടെ കൂട്ടം ചേരൽ ഒഴിവാക്കാൻ വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, തിയേറ്ററുകൾ, സ്റ്റേഡിയങ്ങൾ തുടങ്ങിയവ അടച്ചു. ജനങ്ങൾ പങ്കെടുക്കുന്ന വിവാഹം, മരണാന്തര ചടങ്ങുകൾ, യോഗങ്ങൾ, രാഷ്ട്രീയ ജാഥകൾ തുടങ്ങിയവ കർശനമായി നിരോധിച്ചു. ഈ ഒറ്റ നടപടി മൂലം സംസ്ഥാനത്തെ സാമ്പത്തിക മേഖലകൾ തകർച്ചയിലേക്ക് നീങ്ങുകയും ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ ഒറ്റയടിയ്ക്ക് നഷ്ടപ്പെടുകയും ചെയ്തു.

### നിശ്ചലമായ നിർമ്മാണ മേഖല

വീടുകൾ, മറ്റു കെട്ടിടങ്ങൾ, ഫ്ലാറ്റുകൾ, റോഡുകൾ, പാലങ്ങൾ, ഹോട്ടലുകൾ ഫാക്ടറികൾ, വ്യവസായ പാർക്കുകൾ തുടങ്ങിയവ പണിയുന്ന നിർമ്മാണ മേഖല സംസ്ഥാനത്ത് അതിവേഗം വളരുന്നതും മൊത്തം ജി.ഡി.പി. യുടെ 12 ശതമാനം വിഹിതമുള്ള മേഖലയുമാണ്. സംസ്ഥാനത്തെ മൊത്തം തൊഴിലാളികളിൽ 20 ശതമാനവും, അന്യസംസ്ഥാന തൊഴിലാളികളുടെ സിംഹഭാഗവും തൊഴിൽ ചെയ്യുന്നതും ഈ മേഖലയിലാണ്. സിമിന്റ്, കമ്പി, പെയിന്റ്, ടെയിൽസ്, ഇലെക്ട്രിക്കൽ, സാനിറ്ററി, ജലവിതരണ ഉപകരണങ്ങൾ, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവയുടെ വില്പനയിലൂടെ സർക്കാരിന് ഗണ്യമായ റവന്യൂ വരുമാനവും ലഭിക്കുന്നു. ലോക്ക്ഡൗൺ മൂലം ഈ നിർമ്മാണ മേഖല ഏതാണ്ട് പൂർണ്ണമായി സ്തംഭനാവസ്ഥയിലായി. ലോക്ക്ഡൗണിന് മുൻപ് ഉണ്ടായിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പകുതി പോലും ഇപ്പോൾ നടക്കുന്നില്ല. അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറാനുള്ള അനിവാര്യ ഘടകം നിർമ്മാണ മേഖലയുടെ തിരിച്ചു വരവാണ്.

### പൂർണ്ണസ്തംഭനത്തിലായ ടൂറിസം

പതിനൊന്ന് ലക്ഷത്തിലധികം വിദേശ ടൂറിസ്റ്റുകളും, ഒന്നര കോടിയിലധികം സ്വദേശി ടൂറിസ്റ്റുകളും പ്രതിവർഷം വരുന്ന ഒരു മേഖലയായിരുന്നു കേരളത്തിലെ ടൂറിസം. കേരളം ഇതുവരെ കാണാത്ത രണ്ടു മാസക്കാലത്തെ ലോക്ക്ഡൗണും യാത്രാനിരോധനവും ഈ മേഖലയെ ഏതാണ്ട് പൂർണ്ണമായും സ്തംഭാനാവസ്ഥയിലാക്കി. കോവിഡ് ഭീതി കാരണം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോകാൻ ജനങ്ങൾ ഭയപ്പെടുന്നു. കോവിഡ് മൂലം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തകർച്ച നേരിടുന്ന മേഖലയും ടൂറിസമാണ്. പത്ത് ലക്ഷത്തിലധികം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ ഉണ്ടായിരുന്ന ഈ മേഖലയിലെ ഏതാണ്ട് എല്ലാവരുടെയും തൊഴിൽ നഷ്ടപ്പെട്ടു. സ്വയം തൊഴിലെന്ന നിലയ്ക്ക് ചെറുകിട ഹോട്ടലുകൾ, ഹോംസ്റ്റേകൾ, റിസോർട്ടുകൾ, ടാക്സി സർവീസ്, ടൂറിസ്റ്റ് ടെമ്പോ, ബസ് സർവീസ്, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ കച്ചവടക്കാർ, വഴിയോര കച്ചവടക്കാർ എന്നിവരുടെ തൊഴിലും നഷ്ടപ്പെട്ടു. വായ്പ വാങ്ങി ടൂറിസ്റ്റ് സംരംഭങ്ങൾ നടത്തിയിരുന്നവർ സാമ്പത്തിക തകർച്ചയിലാണ്. ഒരു ബിസിനസ്സും ഇല്ലാത്തത് മൂലം തൊണ്ണൂറു ശതമാനത്തിലധികം ടൂറിസ്റ്റ് സ്ഥാപനങ്ങളും വലിയ നഷ്ടം നേരിടുന്നു.

### ഗതാഗത സ്തംഭനം

ലോക്ക്ഡൗൺ നിലവിൽ വന്ന ശേഷം ഉണ്ടായ ഗതാഗത സ്തംഭനം ഇതുവരെ പൂർണ്ണമായി മാറിയിട്ടില്ല. ബസ്സുകൾ, ചരക്കുവാഹനങ്ങൾ, ടൂറിസ്റ്റ് വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, തുടങ്ങിയവ ഭാഗീഗമായി മാത്രമേ ഇപ്പോഴും ഓടുന്നുള്ളൂ. സംസ്ഥാനത്തെ വിദ്യാലയങ്ങൾ, ഇതുവരെ തുറക്കാത്തത് മൂലം ലക്ഷക്കണക്കിൻ കുട്ടികൾ ദിവസേന യാത്ര ചെയ്തിരുന്ന ബസ്സുകൾ, ടെമ്പോകൾ, കാറുകൾ, ഓട്ടോറിക്ഷകൾ തുടങ്ങിയവയുടെ ഓട്ടം പൂർണ്ണമായും നിലച്ചിരിയ്ക്കുന്നു. കേരളത്തിൽ ഇപ്പോൾ ഏതാണ്ട് 133 ലക്ഷം മോട്ടോർ വാഹനങ്ങൾ ഉണ്ട്. ഇതിൽ 4.7 ലക്ഷം ലോറികൾ, 45,206 ബസ്സുകൾ, 27 ലക്ഷം സ്വകാര്യകാറുകൾ, 6.72 ലക്ഷം ഓട്ടോറിക്ഷകൾ, 86.2 ലക്ഷം ഇരുചക്ര മോട്ടോർ വാഹനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. നേരിട്ടും പരോക്ഷവുമായി വൻതോതിൽ തൊഴിലാളികൾ ഉള്ള ഈ മേഖല അഭൂതപൂർവമായ തകർച്ചയിലാണ്. സംസ്ഥാനത്തെ നാല് എയർപോർട്ടുകൾ വഴിയുള്ള വ്യോമഗതാഗതവും ഭാഗീഗമായി മാത്രമേ നടക്കുന്നുള്ളൂ. രാജ്യത്തെ പ്രധാന പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന റയിൽവേ സർവീസുകളിൽ ചിലത് മാത്രമേ സർവീസ് നടത്തുന്നുള്ളൂ. ചുരുക്കത്തിൽ സംസ്ഥാനത്തെ ഭൂരിഭാഗം സാമ്പത്തിക പ്രവർത്തനങ്ങളെയും തൊഴിലിനേയും ഇല്ലാതാക്കുന്ന തരത്തിലുള്ള ഗതാഗത സ്തംഭനമാണ് കോവിഡ് മൂലം ഉണ്ടായത്.

### വിദ്യാഭ്യാസ സ്തംഭനം

സംസ്ഥാനത്തെ മൊത്തം തൊഴിലിൽ അഞ്ചു ശതമാനവും വിദ്യാഭ്യാസ മേഖലയിലാണ്. എന്നാൽ വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങളായ ഗതാഗതം, പുസ്തകം, നോട്ടുപുസ്തകങ്ങൾ, പഠനസാമഗ്രികൾ, യൂണിഫോം തുടങ്ങിയവയുടെ ഉത്പാദനം, വിതരണം, കച്ചവടം, എന്നിവയും മറ്റൊരു അഞ്ചു ശതമാനത്തോളം പേർക്ക് തൊഴിൽ നൽകുന്നു. സർക്കാർ ട്രഷറി വഴി ശമ്പളം

നൽകുന്ന മൊത്തം ജീവനക്കാരിൽ പകുതിയോളവും വിദ്യാഭ്യാസ വകുപ്പുകളിലെ ജീവനക്കാരോ അധ്യാപകരോ ആണ്. ഇതിനു പുറമേ സ്വകാര്യ മേഖലയിൽ ഒട്ടനവധി അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവ) ഉണ്ട്. സ്വകാര്യ മേഖലയിൽ ആയിരക്കണക്കിന് അംഗീകാരമില്ലാത്ത ട്യൂഷൻ സെന്ററുകൾ, പരീക്ഷ കോച്ചിംഗ് സെന്ററുകൾ, തൊഴിൽ പരിശീലന സ്ഥാപനങ്ങളും ഉണ്ട്. വീടുകളിൽ കുട്ടികളെ ട്യൂഷൻ പഠിപ്പിയ്ക്കുന്ന വിദ്യാഭ്യാസം ഒരു കുടിൽ വ്യവസായം പോലെ സംസ്ഥാനത്ത് ഉടനീളം ഉണ്ട്. പൊതുമേഖലയ്ക്ക് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വലിയ തകർച്ചയ്ക്ക് കോവിഡ് ഇടയാക്കിയിട്ടുണ്ട്. ഇതുമൂലം ലക്ഷക്കണക്കിന് ആളുകളുടെ തൊഴിലും വരുമാനവുമാണ് ഒറ്റയടിക്ക് നഷ്ട്ടപെട്ടത്.

**ഐ. റ്റി. പ്രതിസന്ധി**

കേരളത്തിലെ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായി 800-ൽ അധികം കമ്പനികളും ഒരു ലക്ഷത്തിലധികം തൊഴിലാളികളുമുണ്ട്. ഈ ഐ.റ്റി. പാർക്കുകൾ വലിയ പ്രതിസന്ധിയിലാണ്. ഈ കമ്പനികളിലെ ഭൂരിഭാഗം തൊഴിലാളികളും കോവിഡ് മൂലം വീട്ടിൽ ഇരുന്നു ജോലി ചെയ്യുന്നു. മൊത്തം കമ്പനികളിൽ 70 ശതമാനത്തിനും ബിസിനസ്സിൽ വലിയ ഇടിവ് സംഭവിച്ചിരിയ്ക്കുന്നു. ഐ.റ്റി. സ്ഥാപനങ്ങളുടെ ഒരു സംഘടനയുടെ പഠനമനുസരിച്ച് കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനത്തെ ഐ.റ്റി. കമ്പനികൾക്ക് 4500 കോടിരൂപയുടെ റവന്യൂ നഷ്ടം 2020 ഡിസംബറോടെ ഉണ്ടാകാൻ ഇടയുണ്ട്. മാത്രമല്ല 26000 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

ഈ ചർച്ച ഉപസംഹരിക്കാം. കോവിഡും അതിനെ തുടർന്ന് നടപ്പിലാക്കിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും സംസ്ഥാനരൂപീകരണത്തിനു ശേഷമുള്ള കാലത്തെ ഏറ്റവും വലിയ തകർച്ചയാണ് സാമ്പത്തിക മേഖലയിൽ സൃഷ്ടിച്ചത്. സമ്പൂർണ്ണ തകർച്ച ഉണ്ടായത് ടൂറിസം മേഖലയ്ക്കാണ്. വലിയ തകർച്ച സൃഷ്ടിച്ച മറ്റു മേഖലകൾ നിർമ്മാണം, ഗതാഗതം, വിദ്യാഭ്യാസം, ഐ.റ്റി. എന്നിവയാണ്.

**(മംഗളം, 2020, ജൂലൈ 11)**

# അദ്ധ്യായം 5

## ലോക്ക്ഡൗൺരാജും തകരുന്ന തൊഴിൽ മേഖലകളും

കോവിഡ് മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ കേരളത്തിൽ 69 ദിവസത്തെ ലോക്ക്ഡൗൺ മാർച്ച് 24 മുതൽ നടപ്പിലാക്കി. സംസ്ഥാനം ഇതുവരെ കാണാത്ത തകർച്ചയാണ് സാമ്പത്തിക മേഖലകളിലും തൊഴിൽ രംഗത്തും ഇത് സൃഷ്ടിച്ചത്. ഒരു മുന്നറിയിപ്പും ഇല്ലാതെ പ്രഖ്യാപിച്ച ലോക്ക്ഡൗൺ ഒരു ചെറിയ വിഭാഗം സ്ഥിരജോലിയും വരുമാനവുമുള്ളവരെയും ഒഴിച്ച് മറ്റെല്ലാ തൊഴിൽ ചെയ്യുന്നവരുടേയും വരുമാനവും ജീവനോപാധികളും തകർത്തു തരിപ്പണമാക്കി. കോവിഡ് വ്യാപനം വീണ്ടും വർദ്ധിച്ചപ്പോൾ ലോക്ക്ഡൗൺ പ്രദേശികതലത്ത് (നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ, വാർഡുകൾ) എന്നിവിടങ്ങളിൽ വീണ്ടും നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്നു. ഏതാണ്ട് പത്ത് ലക്ഷം ജനസംഖ്യയുള്ള തിരുവനന്തപുരം നഗരസഭ മുഴുവനും ജൂൺ 6 മുതൽ 23 ദിവസത്തേക്ക് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിയ്ക്കുന്നു. കോവിഡ് പ്രതിരോധിയ്ക്കാൻ ആരോഗ്യസംവിധാനങ്ങളെയും സ്വകാര്യ ആശുപത്രികളെയും സജ്ജമാക്കുകയും ടെസ്റ്റിംഗ് വർധിപ്പിക്കുകയും പകർച്ചപ്രതിരോധ നടപടികൾ ശക്തമാക്കുന്നതിനും പകരം സാമ്പത്തികമേഖലകളെയും തൊഴിലവസരങ്ങളെയും തകർക്കുന്ന ലോക്ക്ഡൗൺരാജിലേക്ക് സർക്കാർ പോകുന്നു. ഇത് പരിശോധിക്കുന്നു.

**ലോക്ക്ഡൗൺ ഉണ്ടാക്കിയ വേതനനഷ്ടം**

കേരളത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കിയ 21 ദിവസത്തെ കർഫ്യൂവിന് സമാനമായ ലോക്ക്ഡൗൺ കാലത്തുണ്ടായ തൊഴിൽ നഷ്ടവും തൊഴിലാളികളുടെ വേതനനഷ്ടവും സംസ്ഥാനത്തെ ആസൂത്രണ ബോർഡ് കണക്കാക്കിയിട്ടുണ്ട്. 17 തൊഴിൽ വെൽഫയർ ബോർഡുകളിലും, തേയില, കാപ്പി പ്ലാൻന്റേഷനുകളിലെയും രജിസ്റ്റർ ചെയ്യവരും അല്ലാത്തവരുമായ തൊഴിലാളികളായ 100.55 ലക്ഷം പേരുടെ 21 ദിവസത്തെ വേതനനഷ്ടം 12,977 കോടിയാണ്. ഇവരെല്ലാം ശമ്പളത്തിന് പുറമേ കാര്യമായ മറ്റ് തൊഴിൽ ആനുകൂല്യങ്ങൾ ഇല്ലാത്ത അസംഘടിത മേഖലയിൽ പെടുന്നവരാണ്. നിർമ്മാണം, കാർഷികം, കച്ചവടം, മോട്ടോർ ഗതാഗതം, ടെയിലറിങ്ങ്, കശുവണ്ടി, മുള, ഈറ്റ, കയറ്റിയിറക്ക്, കൈത്തറി, കള്ള് ചെത്ത്, ആഭരണനിർമ്മാണം, ബി.ഡി. അബ്കാരി തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ് ഇവർ. ഈ ഭീമമായ വേതനനഷ്ടം ഒരു കോടിയിലധികം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളുടെയും വരുമാനവും സാമ്പത്തിക സ്ഥിതിയും തകർത്ത് തരിപ്പണമാക്കി. ഈ 21 ദിവസത്തെ ലോക്ക്ഡൗണിന് പുറമേ മറ്റൊരു 48 ദിവസവും ലോക്ക്ഡൗൺ നീണ്ടു നിന്നു. ഇത്മൂലം ഭീമമായ വേതനനഷ്ടവും ജീവനോപാധികളുടെ തകർച്ചയുമാണ് ഈ തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ളത്.

### കോവിഡ് തകർത്ത മേഖലകൾ

കോവിഡ് വ്യാപനവും തുടർന്നുള്ള ലോക്ക്ഡൗണും മൂലം ഒട്ടനവധി തൊഴിൽ മേഖലകളുടെ പ്രസക്തി തന്നെ നഷ്ടപ്പെട്ടു. (1) പത്ത് ലക്ഷത്തിലധികം പേർക്ക് തൊഴിൽ ഉണ്ടായിരുന്ന ട്രാവൽ ആൻഡ് ടൂറിസം മേഖലയുടെ പ്രസക്തി ഇല്ലാതായി. (2) പ്രതിവർഷം പത്ത് ലക്ഷത്തോളം വിദേശ ടൂറിസ്റ്റുകളും ഒന്നരക്കോടിയിലധികം സ്വദേശി ടൂറിസ്റ്റുകളും വന്നിരുന്ന സ്ഥിതി നിലച്ചു. (3) വലിയ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിരുന്ന നിർമ്മാണമേഖല വളരെ ചുരുങ്ങി. (4) ചെറുകിട വ്യവസായ യൂണിറ്റുകൾ, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയിലെ ഉത്പാദന സ്തംഭനം ഇപ്പോഴും തുടരുന്നു. (5) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പാരലൽ കോളേജ്, കോച്ചിംഗ്സെന്ററുകളുടെയും പ്രവർത്തനം നിലച്ചു. (6) സിനിമ നിർമ്മാണം, പ്രദർശനം, മറ്റ് കലാപരിപാടികൾ, സ്പോർട്ട്സ് പരിപാടികൾ, വിവാഹാഘോഷങ്ങൾ, മത,രാഷ്ട്രീയസമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവ നിലച്ചു. (7) ഒട്ടനവധി ആഡംബര ഉൽപ്പന്നങ്ങൾക്കും സർവീസുകൾക്കും ഡിമാന്റ് ഇല്ലാതെ ഉത്പാദനം നിലച്ചു.

### തൊഴിൽ മേഖലകൾ

2017-18ൽ എൻ.എസ്.ഒ നടത്തിയ ദേശിയ തൊഴിൽ സർവേയിൽ കേരളത്തിലെ തൊഴിലാളികൾ ഏത് സാമ്പത്തിക മേഖലകളിലാണ് തൊഴിൽ ചെയ്യുന്നത് എന്ന് കണക്കാക്കിയിട്ടുണ്ട്. ഇതനുസരിച്ച് കൃഷി, കന്നുകാലിവളർത്തൽ, വനം, മത്സ്യബന്ധനം എന്നിവയുമായി ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ ചെയ്യുന്നവർ മൊത്തം തൊഴിലാളികളുടെ 20 ശതമാനമാണ്. മൊത്തം തൊഴിലാളികളിൽ വ്യവസായ മേഖലയിൽ 11 ശതമാനവും, നിർമ്മാണ മേഖലയിൽ 19 ശതമാനം പേരും തൊഴിൽ ചെയ്യുന്നു. സേവനമേഖലയിലാണ് പകുതിയോളം (49 ശതമാനം) തൊഴിലാളികളും തൊഴിൽ ചെയ്യുന്നത്. കച്ചവടം, മോട്ടോർ വാഹനങ്ങളുടെ റിപ്പയറിംഗ് എന്നിവയിൽ 14 ശതമാനവും, ഗതാഗതം, സംഭരണം എന്നിവയിൽ 9 ശതമാനവും, വിദ്യാഭ്യാസമേഖലയിൽ 5 ശതമാനവും മറ്റ് ഉപമേഖലകളിൽ 21 ശതമാനം പേരും തൊഴിൽ ചെയ്യുന്നു. കാർഷിക അനുബന്ധ മേഖലകളിലെ തൊഴിൽ അവസരങ്ങൾ ഗണ്യമായി കുറയുകയും സേവനമേഖലകളിലും നിർമ്മാണ മേഖലയിലും തൊഴിൽ അവസരങ്ങൾ ഗണ്യമായി വർദ്ധിക്കുകയും ചെയ്യുന്ന മാറ്റമാണ് കേരളത്തിലെ തൊഴിൽ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നത്.

### അസംഘടിത മേഖല

കേരളത്തിലെ തൊഴിൽ കമ്പോളത്തിന്റെ സ്വഭാവം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ബാഹുല്യമാണ്. 2017-18 ലെ എൻ.എസ്.ഒ സർവേ അസംഘടിത മേഖലയുടെ ഒരു രൂപം നൽകുന്നു. ഇതനുസരിച്ച് കേരളത്തിലെ മൊത്തം തൊഴിലാളികളിൽ 29 ശതമാനവും ദിവസകൂലിയ്ക്കോ, കരാർ നിരക്കിലോ ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികളാണ്. മറ്റൊരു 38 ശതമാനം, കാർഷിക, വ്യവസായ സേവനമേഖലകളിൽ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. എന്തെങ്കിലും സ്ഥിരമായ തൊഴിൽ ചെയ്യുന്ന വിഭാഗത്തിലുള്ളവർ മറ്റൊരു 33 ശതമാനമാണ്.

എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം പേർക്കും മെച്ചമായ വേതനമോ, വേതന ഇതര തൊഴിൽ ആനുകൂല്യമോ ഇല്ല. ഇത് കൂടി പരിഗണിച്ചാൽ മൊത്തം തൊഴിലാളികളിൽ 85 ശതമാനവും അസംഘടിത മേഖലയിലാണെന്നു കണക്കാക്കാം. ലോക്ക്ഡൗൺ മൂലം വൻ തകർച്ച നേരിട്ട വിഭാഗവും ഈ അസംഘടിത മേഖലയിലുള്ളവരാണ്.

**സംഘടിത മേഖല**

സ്ഥിരസ്വഭാവത്തിലുള്ള തൊഴിൽ, മെച്ചമായ വേതനം, മറ്റ് തൊഴിൽ ആനുകൂല്യങ്ങൾ, വിരമിച്ചതിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ലഭിയ്ക്കുന്ന വിഭാഗം തൊഴിലാളികളാണ് സംഘടിത മേഖലയിൽ വരുന്നത്. സംഘടിത മേഖലയിലെ തൊഴിലാളികളുടെ വിഹിതം വളരെ കുറവെന്നതാണ് സംസ്ഥാന തൊഴിൽ കമ്പോളത്തിന്റെ അടിസ്ഥാന പ്രശ്നം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തൊഴിലിനുവേണ്ടി ശ്രമിയ്ക്കുന്ന മേഖലയും ഇതാണ്. കേരളത്തിൽ സംഘടിത മേഖലയിലെ രണ്ടു വിഭാഗത്തിലുള്ള മൊത്തം തൊഴിലാളികളുടെ എണ്ണം 12.48 ലക്ഷം പേരാണ്. എന്നാൽ ഇതിൽ സർക്കാർ, പൊതുമേഖലയിൽ 5.61 ലക്ഷം പേരും, സ്വകാര്യ സ്ഥാപനങ്ങളിൽ 6.87 ലക്ഷം പേരും ഉണ്ട്. ഈ സംഘടിതമേഖലയുടെ വിഹിതം മൊത്തം തൊഴിലാളികളുടെ 15 ശതമാനത്തിൽ താഴെയാണ്. ലോക്ക്ഡൗൺ മൂലം പൊതുമേഖലയിലെ തൊഴിലാളികളുടെ സ്ഥിതി മോശമായിട്ടില്ല. എന്നാൽ സ്വകാര്യ മേഖലയിലെ നല്ലൊരു ശതമാനം തൊഴിലാളികളുടെ വേതനം വെട്ടിക്കുറയ്ക്കലും, തൊഴിൽ നഷ്ടവും ഉണ്ടായിട്ടുണ്ട്.

ഈ ചർച്ച ഉപസംഹരിയ്ക്കാം. ലോക്ക്ഡൗൺ മൂലം വൻതോതിലുള്ള തൊഴിൽ നഷ്ടവും വേതനനഷ്ടവുമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. മൊത്തം തൊഴിലാളികളുടെ 85 ശതമാനത്തോളം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രധാന വരുമാനമാർഗ്ഗവും ജീവനോപാധികളും ഈ നടപടി തകർത്തു. കോവിഡ് മഹാമാരി പ്രധിരോധിക്കുന്നതിന് ലോക്ക്ഡൗൺ അനുയോജ്യമല്ല എന്നാണ് ഇത് നൽകുന്ന പാഠം.

**(മംഗളം, 2020, ജൂലൈ 28)**

## അദ്ധ്യായം 6

## കോവിഡ് കാലത്ത് വിരമിയ്ക്കൽ പ്രായം നാല് വർഷം ഉയർത്തണോ?

കോവിഡ് മൂലം സംസ്ഥാന സാമ്പത്തിക മേഖലകളിലും സർക്കാരിന്റെ ധനസ്ഥിതിയിലും അഭൂതപൂർവമായ തകർച്ച ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നു. ഈ സാഹചര്യത്തിൽ കോവിഡ് സാമ്പത്തിക മേഖലകളിലും സർക്കാരിൻറെ ധനകാര്യ നിലയിലും സൃഷ്ടിച്ച ആഘാതവും ചെലവ് ചുരുക്കൽ നടപടികളെയും കുറിച്ച് പഠിയ്ക്കാൻ സംസ്ഥാന സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചു. ഈ സമതി നൽകിയിരിയ്ക്കുന്ന ഒരു പ്രധാന ശുപാർശ വിരമിക്കൽ പ്രായം 56 ൽ നിന്നും 60 ആയി "അധിക സാമ്പത്തിക ബാധ്യത" ഇല്ലാതെ ഉയർത്തുക എന്നതാണ്. അഭൂതപൂർവമായ തൊഴിൽ തകർച്ച സൃഷ്ടിച്ചുക്കൊണ്ടിരിയ്ക്കുന്ന സാഹചര്യത്തിലും അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലാഴ്മ അതിരൂക്ഷമായി തുടരുന്ന കാലത്തും ഈ നടപടി ആശ്വാസ്യമാണോ എന്ന് പരിശോധിക്കുന്നു.

### പിൻവാതിൽ പെൻഷൻ പ്രായ വർധന നിർദ്ദേശം

എന്താണ് വിദഗ്ദ്ധസമിതിയുടെ നിർദ്ദേശം? സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടുന്നതിന് പകരം 56 ൽ വിരമിച്ചതിന് ശേഷം താൽപ്പര്യം ഉള്ളവർക്ക് 60 വയസ്സ് വരെ പുനർനിയമനം നൽകണം. ഈ കൂട്ടർക്ക് വിരമിയ്ക്കുന്നതിന് മുൻപുള്ള ശമ്പളവും ആനുകൂല്യങ്ങളും മാത്രമേ തുടർന്നും നൽകാവൂ. സാധാരണ ഗതിയിൽ പെൻഷൻ പ്രായം ഉയർത്തിയാൽ വാർഷിക ഇൻക്രിമെന്റ് നൽകേണ്ടത് കൊണ്ട് ശമ്പളത്തിലും വർദ്ധനയുണ്ടാകും ഇത് ഒഴിവാക്കാനാണ് അധിക സാമ്പത്തിക ബാധ്യത വരുത്താത്ത ഈ നിർദ്ദേശം. ഇതുമൂലം 16,000 കോടിരൂപയുടെ ലാഭമുണ്ടാക്കാമെന്നാണ് കണക്കാക്കുന്നത്. ഇവർക്ക് നൽകേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുകയും നാല് വർഷം കഴിഞ്ഞ് വിരമിക്കുമ്പോൾ 8 ശതമാനം പലിശയും ചേർത്ത് നൽകുന്നു. ഇത്, പെൻഷൻ പ്രായം കൂട്ടുന്ന നടപടിയല്ലെന്നും പുനർനിയമനമാണെന്നും ആണ് കമ്മിറ്റി പറയുന്നത്.

### പെൻഷൻ പ്രായ വർധന നേട്ടങ്ങൾ

പെൻഷൻ പ്രായം പുനർനിയമനം വഴി നാല് വർഷം വർധിപ്പിക്കുന്നതിന് കമ്മറ്റി പറയുന്ന വാദഗതികൾ ഇവയാണ്. (1) ഇന്ത്യയിൽ കേരളത്തിലും ജാർഖണ്ഡിലും മാത്രമേ വിരമിയ്ക്കൽ പ്രായം 56 ഉള്ളൂ. മറ്റ് സംസ്ഥാനങ്ങളിൽ 58 മുതൽ 60 വരെയാണ്. (2) ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആയുർദൈർഘ്യമുള്ള സംസ്ഥാനം കേരളമാണ് (74.9 വയസ്സ്). (3) 56 വയസ്സുള്ളവർക്ക് ഫലപ്രദമായി പ്രവർത്തിക്കാനുള്ള പരിചയസമ്പത്തും ആരോഗ്യവുമുള്ളവരുമാണ്. (4) സർക്കാർ മേഖലയിൽ പ്രതിവർഷം റിട്ടയർമെന്റ്മൂലം ഒഴിവുകൾ ഉണ്ടാക്കുന്നത് 18000 മുതൽ 20000 വരെയാണ്. ഇതൊരു വലൃസംഖ്യയല്ല. ഇതുമൂലം കാര്യമായ തൊഴിൽ നഷ്ടം ഉണ്ടാകുന്നില്ല. (5) ഈ പുനർനിയമന പദ്ധതി വഴി റിട്ടയർമെന്റ്പ്രായം ഉയർത്തിയാൽ നൽകേണ്ട നാല് വാർഷിക ഇൻക്രിമെന്റ്ജീവനക്കാർക്ക് നൽകാതെ ലാഭിയ്ക്കാം. (6) നാല് വർഷക്കാലത്തേക്ക് റിട്ടയർ ചെയ്തവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകാതെ നീട്ടിവയ്ക്കാൻ കഴിയും. (7) ഈ നടപടി മൂലം സർക്കാർ

ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും ധനസ്ഥിതി മെച്ചമാക്കാൻ കഴിയും. (8) ധനകാര്യതകർച്ചയിൽ നിൽക്കുന്ന സർക്കാരിനെ കരകയറ്റാനുള്ള ഒരു പുതിയ കണ്ടുപിടുത്തം എന്ന നിലയിലാണ് ഈ പദ്ധതിയെ കമ്മിറ്റി അവതരിപ്പിച്ചിരിയ്ക്കുന്നത്.

കേരളത്തിലെ പെൻഷൻ പ്രായം കുറവാണെന്നത് ശരിയാണ്. എന്നാൽ കോവിഡ് മഹാമാരി വന്ന് തൊഴിൽ മേഖല മുഴുവൻ തകർന്നടിഞ്ഞു കൊണ്ടിരിക്കുന്ന കാലത്ത് വിരമിച്ചവർക്ക് പുനർനിയമനം നൽകണം എന്ന ശുപാർശയ്ക്ക് ഒരു ന്യായീകരണവും ഇല്ല. കമ്മിറ്റി പറയുന്നത് ഏതാണ്ട് 20000 പേരാണ് പ്രതിവർഷം വിരമിക്കുന്നത് എന്നാണ്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർവകലാശാലകളുടെയും മറ്റും ഒഴിവുകൾ കൂടി കണക്കാക്കിയാൽ ഇത് ഏതാണ്ട് 25000 ത്തോളം വരാൻ സാധ്യത ഉണ്ട്. ഈ തൊഴിൽ നഷ്ടം കാര്യമായ നഷ്ടമേ അല്ലെന്ന നിലപാടും സാമാന്യബുദ്ധിയ്ക്ക് നിരക്കുന്നതല്ല.

**ധനപ്രതിസന്ധിയുടെ കാരണം**

സംസ്ഥാനത്തെ തുടർച്ചയായുള്ള ധനസ്ഥിതിയുടെ മൂലകാരണങ്ങൾ എന്താണെന്ന് പരിശോധിയ്ക്കാനോ, അതിന് പ്രതിവിധി നിർദ്ദേശിക്കാനോ ഈ കമ്മിറ്റി മുതിർന്നിട്ടില്ല. സർക്കാർ ജീവനക്കാരുടെ പുനർവിന്യാസവും ബന്ധപ്പെട്ട കാര്യങ്ങളും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സർക്കാർ സഹായം നല്കുന്ന വിഷയം എന്നിവയെക്കുറിച്ച് പഠിയ്ക്കാൻ രണ്ടു പുതിയ 'ഹൈ ലെവൽ' വിദഗ്ദ്ധ സമിതിയെ നിയമിക്കണമെന്നാണ് ഈ സമിതിയുടെ ശുപാർശ. സംസ്ഥാനത്തെ സർക്കാരുകൾ അഞ്ചു വർഷത്തിലൊരിയ്ക്കൽ നടത്തുന്ന, ട്രഷറിയ്ക്ക് താങ്ങാൻ കഴിയാത്ത ശമ്പള പെൻഷൻ പരിഷ്ക്കരണമാണ് ധനപ്രതിസന്ധിയുടെ മൂലകാരണമെന്ന് ഈ ലേഖകൻ അധ്യക്ഷനായ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി പറഞ്ഞിട്ടുണ്ട് (2012). ഈ കമ്മിറ്റിയും പത്താം സംസ്ഥാന ശമ്പള പരിഷ്ക്കരണ കമ്മിറ്റിയും സംസ്ഥാനത്തിന് അഞ്ചു വർഷത്തിലൊരിയ്ക്കൽ ശമ്പളപരിഷ്ക്കരണം നടത്താൻ ധനസ്ഥിതിയില്ലെന്നും കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരും നടത്തുന്ന പോലെ പത്ത് വർഷത്തിലൊരിക്കൽ ശമ്പള പെൻഷൻ പരിഷ്ക്കരണം നടത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിർദ്ദേശമുണ്ടെന്നു പോലും പറയാനുള്ള ധൈര്യം ഈ വിദഗ്ദ്ധ സമിതി കാണിച്ചിട്ടില്ല.

**അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ**

കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയുടെ വലിപ്പത്തെക്കുറിച്ച് കമ്മിറ്റിയ്ക്ക് ഒരു രൂപവും ഇല്ല. കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ നിരക്ക് വളരെ ഉയർന്നതാണെന്നാണ് എൻ.എസ്.ഒ.യുടെ ദേശീയ തൊഴിൽ സർവേ (2017-18) കാണിയ്ക്കുന്നത്. തൊഴിലില്ലായ്മ നിരക്ക് അഥവാ തൊഴിൽ സേനയിൽ തൊഴിൽ ഇല്ലാത്തവരുടെ ശതമാനം ഇതര സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ വളരെ ഉയർന്നതാണ്. ഇതനുസരിച്ച് ഹയർസെക്കൻഡറി വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 22.6 ശതമാനവും,

ഡിപ്ലോമ/സർട്ടിഫിക്കറ്റ് ഉള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 21.6 ശതമാനവും, ബിരുദധാരികളുടെ തൊഴിലില്ലായ്മ നിരക്ക് 30.6 ശതമാനവും, ബിരുദാനന്തരബിരുദധാരികളുടെ തൊഴിലില്ലായ്മ നിരക്ക് 24.5 ശതമാനവും ആണ്. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരേക്കാൾ വളരെ ഉയർന്നതാണെന്നും സർവേ കണക്കാക്കുന്നു. ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ നിരക്ക് (15 മുതൽ 29 വയസ്സ് വരെ) വളരെ ഉയർന്നതാണെന്നാണ് സർവേയുടെ മറ്റൊരു നിഗമനം. ചെറുപ്പക്കാരായ തൊഴിൽ സേനയിൽ 36 ശതമാനം പേരും തൊഴിൽ ഇല്ലാത്തവരാണ്. ഇവരിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ 23.3 ശതമാനവും സ്ത്രീകളുടേത് 63.4 ശതമാനമാണ്.

## ധനധൂർത്ത് രാഷ്ട്രീയം

സർക്കാരിന്റെ പരിമിതമായ വിഭവങ്ങളും കടം വാങ്ങിയ തുകയും ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനും മാത്രമായി ഉപയോഗിയ്ക്കാതെ സമ്മർദ്ദ ഗ്രൂപ്പുകൾക്കും തങ്ങളുടെ അനുയായികളുടെയും താൽപ്പര്യത്തിനും ആഡംബരത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് രാഷ്ട്രീയം എന്ന് പറയാം. ഈ ധനധൂർത്തിനു അടിമപെടാതിരിക്കുകയാണ് ഒരു സർക്കാരിന്റെ ധർമ്മം. ഈ ധനധൂർത്തിന്റെ ഒരു പ്രധാന ഇനമാണ് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകാലാശാല, എയ്ഡഡ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ അനാവശ്യ തസ്തികകൾ സൃഷ്ടിക്കൽ, അവിഹിത ബന്ധു നിയമനം, അനുയായികളുടെ വഴിവിട്ട നിയമനം, ജീവനക്കാർക്ക് അനർഹമായ ആനുകൂല്യങ്ങൾ നൽകൽ തുടങ്ങിയവ. സർക്കാർ വകുപ്പുകൾ, വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങൾ, സർവകലാശാലകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ  എന്നിവയിൽ അർഹരായ ഉദ്യോഗാർഥികളെ മറികടന്നുകൊണ്ട് ഭരണക്കാരുടെ താൽപ്പര്യം അനുസരിച്ച് ബന്ധു നിയമനം, അനുയായി നിയമനം, പാർട്ടിക്കാരുടെ നിയമനം, വഴിവിട്ട പ്രമോഷൻ, കരാർ അടിസ്ഥാനത്തിൽ നിയമനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്നുള്ള താൽക്കാലിക നിയമനം എന്നിവ നൽകുന്ന ഒട്ടനവധി കേസുകളെ ഉദ്ധരിച്ച് കൊണ്ട് ഒരു ലേഖന പരമ്പര സംസ്ഥാനത്തെ ഒരു പ്രധാന ദിനപത്രം ഈ മാസം പ്രസിദ്ധീകരിച്ചിരുന്നു.

കോവിഡ് മൂലം നാട്ടിലെ എല്ലാ മേഖലകളിലെ തൊഴിലും തൊഴിലവസരങ്ങളും തകർന്നുക്കൊണ്ടിരിയ്ക്കുമ്പോൾ അഭ്യസ്തവിദ്യരുടെ ആകെയുള്ള ഒരു പ്രതീക്ഷ പൊതുമേഖലയിലെ തൊഴിലാണ്. ഇത് ഇല്ലാതാക്കുന്നതാണ് ഈ കമ്മിറ്റിയുടെ ശുപാർശ. സർക്കാരിന്റെ ധനം സർക്കാർ ആനുകൂലികൾക്കും സംഘടിത ഗ്രൂപ്പുകൾക്കും വീതിച്ചു കൊടുക്കുക എന്ന ധനധൂർത്ത് രാഷ്ട്രീയ സിദ്ധാന്തത്തിന് അനുസരിച്ചുള്ള ഒരു ശുപാർശയായി ഇതിനെ കാണാം. നാട്ടിലെ മിടുക്കരായ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് പ്രതിവർഷം 25000 ത്തോളം മെച്ചമായ തൊഴിൽ ഇല്ലാതാകുന്നത് ഏത് മാനദണ്ഡം വച്ച് നോക്കിയാലും കടുത്ത ദ്രോഹമാണ്.

**(മംഗളം, 2020 ആഗസ്റ്റ് 1)**

## അദ്ധ്യായം 7

# കോവിഡിൽ തകർന്ന് ടൂറിസം മേഖല

കോവിഡ് മഹാമാരിക്ക് മുൻപ് കുതിച്ചുയരുന്ന ഒരു മേഖല ആയിരുന്നു ടൂറിസം. വിദേശിയരും സ്വദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന അതിമനോഹരമായ നാടാണ് കേരളം. ഒട്ടനവധി ബീച്ചുകൾ, കായലുകൾ, മലയോരകേന്ദ്രങ്ങൾ, വന്യജീവി സങ്കേതങ്ങൾ, വെള്ളച്ചാട്ടങ്ങൾ, ആയുർവേദകേന്ദ്രങ്ങൾ, കലാരൂപങ്ങൾ, സ്മാരകങ്ങൾ, പുരാതന ക്ഷേത്രങ്ങൾ, പള്ളികൾ തുടങ്ങിയവ സഞ്ചാരികളെ ആകർഷിച്ചിരുന്നു. പ്രതിവർഷം പതിനൊന്ന് ലക്ഷത്തിലധികം വിദേശ ടൂറിസ്റ്റുകളും ഒന്നരക്കോടിയിലധികം സ്വദേശി ടൂറിസ്റ്റുകളും കേരളത്തിൽ എത്തിയിരുന്നതായി കണക്കാക്കുന്നു. കോവിഡ് പകർച്ചവ്യാധി മൂലം 68 ദിവസം ദേശീയ ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയും റോഡ്, റെയിൽ, വ്യോമഗതാഗതം എന്നിവയേ സ്തംഭനാവസ്ഥയിലേക്ക് നയിച്ച നിയന്ത്രണങ്ങളും ടൂറിസം തന്നെ ഇല്ലാതാക്കി. ധാരാളം ടൂറിസ്റ്റുകൾ ദിവസേന എത്തിയിരുന്നതും വലിയ തോതിൽ ടൂറിസ്റ്റ് ബിസിനസ് നടന്നിരുന്ന കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇപ്പോൾ ശവപ്പറമ്പുകൾ പോലെ കിടക്കുന്നു. കോവിഡ് മൂലം ഏറ്റവും വലിയ തകർച്ച നേരിട്ട മേഖലയും ഇതുതന്നെയാണ്. ടൂറിസം മേഖലയുടെ തകർച്ച പരിശോധിയ്ക്കുന്നു.

### ടൂറിസം മേഖല

കേരളത്തിൽ 589 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരവും ചെറുതും വലുതുമായ ഒട്ടനവധി ബീച്ചുകളും ഉണ്ട്. ലോക പ്രശസ്തമായ കോവളം ബീച്ചും ഇതിൽ ഉൾപ്പെടുന്നു. ആലപ്പുഴയിലുള്ള ഹൗസ്ബോട്ടുകൾ കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. 928 ഹൗസ്ബോട്ടുകൾ ആലപ്പുഴയിൽ ഉള്ളതായി കണക്കാക്കുന്നു. ആയുർവേദ ചികിത്സ, പിഴിച്ചിലുകൾ തുടങ്ങിയവയ്ക്കും ഒട്ടനവധി വിനോദസഞ്ചാരികൾ കേരളത്തിൽ എത്തുന്നു. വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന 129 ആയുർവേദ റിസോർട്ടുകൾ കേരളത്തിലുണ്ട്. ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികളും, ഡന്റൽ സ്ഥാപനങ്ങളും താരതമ്യേന കുറഞ്ഞ ചികിത്സാനിരക്കും വിദേശികളെയും കേരളത്തിലേക്ക് എത്തിക്കുന്ന ഒരു ഘടകമാണ്. വിനോദസഞ്ചാരികൾക്ക് വേണ്ടിയുള്ള 3749 ഹോട്ടലുകൾ, ഒട്ടനവധി റസ്റ്റ് ഹൗസുകൾ, ഗസ്റ്റ് ഹൗസുകൾ, റിസോർട്ടുകൾ, തുടങ്ങിയവയും സംസ്ഥാനത്തിലുണ്ട്. വിനോദസഞ്ചാരികൾക്ക് വേണ്ടിയുള്ള 1040 ഹോം സ്റ്റേകളും സംസ്ഥാനത്ത് ഉണ്ട്. ഈ ടൂറിസ്റ്റ് സ്ഥാപനങ്ങളിലായി ഏതാണ്ട് 88,773 മുറികളുള്ളതായി കണക്കാക്കുന്നു. ചുരുക്കത്തിൽ വിനോദസഞ്ചാരം ഒരു വലിയ ബിസിനസായി കേരളത്തിൽ വളർന്നിരിയ്ക്കുന്നു. ടൂറിസവും അതുമായി ബന്ധപ്പെട്ട ഗതാഗത മേഖലയിലുമായി 10 ലക്ഷത്തിലധികം പേർക്ക് നേരിട്ട് തൊഴിൽ ഉണ്ടായിരുന്നത് കോവിഡ് മഹാമാരി സമ്പൂർണ്ണമായി തകർത്തു.

## ബിസിനസ് തകർച്ച

സംസ്ഥാന ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത ബിസിനസ് തകർച്ചയാണ് ടൂറിസം മേഖലയിൽ കോവിഡ് സൃഷ്ടിച്ചത്. ഹോട്ടലുകളിൽ ഗസ്റ്റുകൾ ഇല്ലാതെ അടഞ്ഞു കിടക്കുന്നു. വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് പണിത ലക്ഷ്വറി സ്വഭാവത്തിലുള്ള ഹോട്ടലുകളിൽ താമസത്തിന് ആരും വരുന്നില്ല. അന്തർ ദേശീയ കോൺഫറൻസുകൾ ലക്ഷ്യമാക്കി തുടങ്ങിയ കൺവെൻഷൻ സെന്ററുകൾ അടഞ്ഞു കിടക്കുന്നു. റിസോർട്ടുകളിലും ആയുർവേദ കേന്ദ്രങ്ങളിലും വിനോദസഞ്ചാരികൾ എത്തുന്നില്ല. വലിയ മുതൽമുടക്കുള്ള ഹൗസ്ബോട്ടുകൾ നിശ്ചലമാണ്. വീടുകളെ ഹോംസ്റ്റേ ആക്കി മാറ്റി വരുമാനം നേടിയിരുന്നവരും വരുമാനം ഇല്ലാത്ത സ്ഥിതിയിലായി. ട്രാവൽ ഏജൻസികളിൽ ബിസിനസ്സില്ലാതെ പ്രവർത്തനം നിർത്തുകയോ അടച്ചു പൂട്ടുകയോ ചെയ്തു. വായ്പ എടുത്ത് ടാക്സി വാങ്ങി ഓട്ടത്തിലെ വരുമാനത്തിൽ നിന്ന് തിരിച്ചടവ് നടത്താമെന്ന് കരുതിയിരുന്നവർ തകർച്ചയിലാണ്. വായ്പ് എടുത്ത് ടൂറിസം ബിസിനസ് നടത്താൻ വേണ്ടി ഹോട്ടൽ തുടങ്ങിയവർ, റിസോർട്ടുകൾ പണിതവർ, ട്രാവൽ ഏജൻസികൾ തുടങ്ങിയവർ, ടൂറിസ്റ്റ് ബസ്സുകളും വാഹനങ്ങളും വാങ്ങിയവർ എന്നിവർ വലിയ സാമ്പത്തിക തകർച്ച നേരിടുകയാണ്. ചുരുക്കത്തിൽ ടൂറിസവും അനുബന്ധമേഖലകളിലും നിക്ഷേപം നടത്തിയവർ, ബിസിനസ് നടത്തുന്നവർ, തൊഴിലാളികൾ, അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ കച്ചവടക്കാർ തുടങ്ങിയവർ ഇതുവരെ ഉണ്ടാകാത്ത തരത്തിലുള്ള സാമ്പത്തിക തകർച്ച നേരിടുന്നു.

## അസംഘടിത തൊഴിൽ മേഖല

കുറെ വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, എന്നിവ ഒഴിച്ച് ടൂറിസം മേഖലയിലെ മറ്റെല്ലാ പ്രവർത്തനങ്ങളും നടക്കുന്നത് അസംഘടിത മേഖലയിലാണ്. ഏതാണ്ട് 90 ശതമാനത്തിലധികം തൊഴിലാളികളും അസംഘടിത മേഖലയിലാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ, കാഷ്വൽ തൊഴിൽ, വളരെ ചെറുകിട സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഈ മേഖല. മിക്ക ഹോട്ടലുകൾ സ്വയം തൊഴിൽ എന്ന നിലയിൽ ഉള്ളതും വളരെക്കുറച്ച് തൊഴിലാളികൾ മാത്രം ഉള്ളവയും ആണ്. റസ്റ്റ് ഹൗസുകളും, ഗസ്റ്റ് ഹൗസുകളും ഇതേ നിലയിലുള്ളവയാണ്. ഒരു സ്വയം തൊഴിൽ എന്നനിലയിൽ നടത്തുന്നതാണ് ഹോം സ്റ്റേകൾ. വിനോദസഞ്ചാരികളിൽ നിന്ന് മുറി വാടകയും ഭക്ഷണത്തിനുള്ള ചാർജ്ജും ഇവർക്ക് ലഭിക്കുന്നു. നല്ലൊരു ഭാഗം ടൂറിസ്റ്റ് ടാക്സികളുടെയും ചെറുകിട ടൂറിസ്റ്റ് വാഹനങ്ങളുടെയും ഉടമസ്ഥർ അതിലെ ഡ്രൈവർ തന്നെയാണ്. ടൂറിസ്റ്റ് ഗൈഡുകൾ, ട്രാവൽ ഏജന്റുമാർ, പോർട്ടർമാർ, മറ്റ് അനുബന്ധ സേവനങ്ങൾ നൽകുന്നവരും സ്വയം തൊഴിൽ ചെയ്യുന്നവരോ, കാഷ്വൽ തൊഴിലാളികളോ ആണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വഴിയോരകച്ചവടമോ ഭക്ഷണ ശാലകളോ നടത്തുന്നവരിൽ ഭൂരിഭാഗവും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ചുരുക്കത്തിൽ സ്ഥിരമായ തൊഴിലോ വരുമാനമോ മറ്റ് തൊഴിലേതര ആനുകൂല്യങ്ങളോ ലഭിക്കത്തവരാന് ഈ മേഖലയിലെ തൊണ്ണൂറു ശതമാനത്തിലധികവും തൊഴിലാളികൾ.

**പുനരുജ്ജീവനം വൈകും**

സാധാരണ ഗതിയിൽ ഏതെങ്കിലും ഒരു കാരണം കൊണ്ട് സാമ്പത്തിക മാന്ദ്യം ഉണ്ടായാൽ ആ പ്രശ്നം പരിഹരിയ്ക്കുന്നത് മൂലം ആ മേഖല പഴയസ്ഥിതിയിലേക്ക് എത്താറുണ്ട്. എന്നാൽ ഇവിടെ കോവിഡ് എന്ന മഹാമാരി മൂലമാണ് ഈ സാമ്പത്തിക തകർച്ച ഉണ്ടായത്. മാത്രമല്ല ഈ പ്രതിസന്ധി ലോകം മുഴുവനും അനുഭവിക്കുന്നതാണ്. കോവിഡിന് ഫലപ്രദമായ വാക്സിൻ നിലവിൽ വന്നാലും ടൂറിസം മേഖല പഴയസ്ഥിതിയിൽ എത്താൻ കാലതാമസം എടുക്കും. ടൂറിസ്റ്റുകൾക്ക് ആശങ്ക മാറാൻ സമയം എടുക്കും. കോവിഡ് മൂലം വിദേശ രാജ്യങ്ങളിൽ കുടുങ്ങി പോകുകയും അതുമൂലമുള്ള ഒട്ടേറെ ദുരിതങ്ങൾ അനുഭവിച്ചവരും ധാരാളമുണ്ട്. അതുകൊണ്ട് വിദേശ ടൂറിസ്റ്റുകൾ വന്ന് പഴയസ്ഥിതിയിൽ എത്താൻ വളരെ വൈകും. ഇതും ഈ മേഖലയുടെ അനിശ്ചിതത്വം വർധിപ്പിക്കുന്ന ഘടകമാണ്.

കോവിഡ് മഹാമാരി മൂലം സംസ്ഥാനത്ത് ഏറ്റവും വലിയ തകർച്ച ഉണ്ടായ മേഖലയാണ് ടൂറിസവും അനുബന്ധ ഗതാഗത മേഖലയും. ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊണ്ണൂറു ശതമാനത്തിലധികം പേരും അസംഘടിത മേഖലയിൽ ഉൾപ്പെടുന്നവരാണ്. ഇവരെ വലിയ സാമ്പത്തിക തകർച്ചയിലേക്കും ദുരിതത്തിലേക്കും കോവിഡ് തള്ളിവിട്ടിരിയ്ക്കുന്നു. കോവിഡ് പുരരുജ്ജീവന പാക്കേജിൽ ഏറ്റവും മുന്തിയ പരിഗണന അർഹിക്കുന്നവർ ഈ വിഭാഗമാണ്.

**(മംഗളം, 2020 ആഗസ്റ്റ് 11)**

# അദ്ധ്യായം 8

# ഗൾഫ് മടക്കം : കേരള സമ്പദ് ഘടനയ്ക്ക് അത്യപൂർവ തിരിച്ചടി

കഴിഞ്ഞ നാലര ദശാബ്ദകാലത്ത് കേരള സമ്പദ്ഘടനയിൽ ഏറ്റവും വലിയ മുന്നേറ്റമുണ്ടാക്കിയ ഘടകം വൻതോതിലുള്ള ഗൾഫ് കുടിയേറ്റവും അതുമൂലമുള്ള പണപ്രവാഹവുമാണ്. 1970 കളിൽ വളരെ പിന്നോക്കവും ഭൂരിഭാഗം ജനങ്ങളും ദരിദ്രരും രൂക്ഷമായ തൊഴിലില്ലായ്മയും നിലനിന്നിരുന്ന സംസ്ഥാനത്ത് ജനങ്ങൾ ജീവിക്കാൻ വേണ്ടി ഒരു വഴി കണ്ടെത്തിയത് ഗൾഫ് രാജ്യങ്ങളിൽ തൊഴിലിന് വേണ്ടിയുള്ള കുടിയേറ്റമാണ്. ജനങ്ങൾ പുരോഗതിയിലേക്ക് നീങ്ങുന്ന ഒരു പ്രധാനമാർഗ്ഗമായ കുടിയേറ്റവും സഞ്ചാരവും കോവിഡ് 19 തകർത്തു. കോവിഡ് 19 സൃഷ്ടിച്ച മരണ ഭീതിയും, അരക്ഷിതാവസ്ഥയും അനിശ്ചിതത്വവും മൂലം ഗൾഫിൽ നിന്ന് ഏതാണ്ട് 3.8 ലക്ഷം പ്രവാസികൾ കേരളത്തിലേക്ക് മടങ്ങാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### ഗൾഫ് കുടിയേറ്റവും പണപ്രവാഹവും

1970കളുടെ മധ്യത്തിന് ശേഷം സംസ്ഥാന സാമ്പത്തിക മുന്നേറ്റത്തിന് ഏറ്റവും വലിയ സംഭാവന ചെയ്ത ഘടകം ഗൾഫ് കുടിയേറ്റവും അതുമൂലമുള്ള വൻതോതിലുള്ള പണപ്രവാഹവുമാണെന്ന സിദ്ധാന്തം ഒരു റിസർച്ച് പേപ്പറിലൂടെ ആദ്യമായി അവതരിപ്പിച്ചത് ഈ ലേഖകനാണ്. കഴിഞ്ഞ നാലര ദശാബ്ദകാലത്ത് കേരളത്തിൽ നിന്ന് തൊഴിലിന് വേണ്ടി വിദേശത്തു കുടിയേറിയവരിൽ 90 ശതമാനത്തിലധികവും കുടിയേറിയത് ഗൾഫ് രാജ്യങ്ങളിലും അത്രത്തോളം പണം ലഭിച്ചതും അവിടെ നിന്നുമാണ്. 1980കൾ മുതലുള്ള മൂന്നു ദശാബ്ദകാലത്ത് സംസ്ഥാന ജി.ഡി.പിയുടെ 15 മുതൽ 25 ശതമാനം തുകയ്ക്ക് സമാനമായ തുക ബാങ്കുകൾ വഴി വിദേശ പ്രവാസികളിൽ നിന്നും കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ കുഴൽ പണമായും സാധനസമഗ്രികളുമായും സ്വർണ്ണമായും മറ്റും ഗണ്യമായ തുകയും ലഭിച്ചിട്ടുണ്ട്. 2018ലെ കുടിയേറ്റ സർവേ അനുസരിച്ച് കേരളത്തിൽ നിന്നുള്ള വിദേശ പ്രവാസികൾ, ഗൾഫ് രാജ്യങ്ങളിൽ ഉള്ള 18.94 ലക്ഷം പേർ ഉൾപ്പെടെ മൊത്തം 21.22 ലക്ഷം പേരും അയക്കുന്നതുക 85,000 കോടിരൂപയാണ്. കഴിഞ്ഞ വർഷം ലഭിച്ച തുക ഏതാണ്ട് ഒരു ലക്ഷം കോടിയോളം വരും. ഈ തുകയിൽ ഏതാണ്ട് 90 ശതമാനവും ഗൾഫ് പ്രവാസികളുടെ വിഹിതമാണ്. തൊഴിൽ കോണ്ട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ കുടിയേറിയ ഇവരിൽ 80 ശതമാനത്തിലധികം പേരും കുടുംബത്തെ നാട്ടിൽ വിട്ട് തനിച്ച് ഗൾഫിൽ താമസിച്ച് തങ്ങളുടെ സമ്പാദ്യം മുഴുവനും നാട്ടിലേക്ക് അയക്കുന്നവരാണ്.

### ഗൾഫ് പണത്തിന്റെ ആഘാതം

ഗൾഫ് പണപ്രവാഹം എങ്ങനെ സാമ്പത്തിക രംഗത്ത് വൻ മുന്നേറ്റം ഉണ്ടാക്കി? 1980 കളിലും 1990 കളിലും കുടിയേറ്റം മൂലം ലഭിച്ച സമ്പാദ്യം പുതിയ വീട് പണിയുക, വീട് പുതുക്കി പണിയുക, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, ഭൂമി, വീട്ടുപകരണങ്ങൾ, വാഹനങ്ങൾ, സ്വർണ്ണം തുടങ്ങിയവ വാങ്ങുക മുതലായ നിക്ഷേപങ്ങൾക്കും, കുടുംബാംഗങ്ങൾക്ക് മെച്ചപ്പെട്ട ഉപഭോഗം,

വിദ്യാഭ്യാസം, ചികിത്സ, തുടങ്ങിയവയ്ക്കും വായ്പാ തിരിച്ചടവിനും മറ്റുമായി ചെലവാക്കി. ഇതുമൂലം ലക്ഷക്കണക്കിന് കുടിയേറ്റ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർന്നു. ദാരിദ്രത്തിൽ കഴിഞ്ഞിരുന്ന വലിയ വിഭാഗം കുടിയേറ്റ കുടുംബങ്ങൾ ദാരിദ്രത്തിൽ നിന്നും മോചിതരായി. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഗൾഫിൽ തൊഴിൽ ലഭിച്ചു. സംസ്ഥാനത്ത് 1970 കാലത്ത് നിലന്നിന്നിരുന്ന രൂക്ഷമായ ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നിവ ഗണ്യമായി കുറയ്ക്കുന്നതിനും ഇടയാക്കി. ഗൾഫ് കുടിയേറ്റ കുടുംബങ്ങൾ കൂടുതൽ താമസിച്ചിരുന്ന ഗൾഫ് പോക്കറ്റുകളിലും പ്രദേശങ്ങളിലും അഭൂതപൂർവമായ സാമ്പത്തിക മുന്നേറ്റം ഉണ്ടായി. ബാങ്കിംഗ് രംഗത്ത് വൻ വികസനം ഉണ്ടായി. ബാങ്ക് നിക്ഷേപം, എൻ.ആർ.ഐ. നിക്ഷേപം എന്നിവ വലിയ തോതിൽ കൂടി. ബാങ്കുകളിലെ വായ്പാ വിതരണം വലിയ തോതിൽ വർദ്ധിച്ചത് സ്വകാര്യ നിക്ഷേപം എല്ലാ രംഗത്തും വർധിക്കുന്നതിടയാക്കി.

### സാമ്പത്തിക മാറ്റങ്ങൾ

ഗണ്യമായ ഗൾഫ് കുടിയേറ്റം നടന്ന ഏഴ് ജില്ലകളിൽ അഭൂതപൂർവമായ കെട്ടിടനിർമ്മാണവും ഭൂമിയുടെ വിലയിൽ വലിയ വർധനവും ഉണ്ടായി. ഭൂമിയിൽ പണം നിക്ഷേപിച്ചാൽ വലിയ ആദായം ലഭിക്കുമെന്നതിനാൽ ഭൂമി, റിയൽ എസ്റ്റേറ്റ് എന്നിവയിൽ ജനങ്ങളുടെ സമ്പാദ്യം വലിയ തോതിൽ നിക്ഷേപിക്കപ്പെട്ടു. കച്ചവടം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വലിയ വികസനവും പുതിയ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. നിർമ്മാണ തൊഴിലാളികൾക്കും കായികാധ്വനമുള്ള തൊഴിലാളികൾക്കും ക്ഷാമമുണ്ടാകുകയും ഏതാണ്ട് എല്ലാ വിഭാഗം കാഷ്വൽ തൊഴിലാളികളുടെയും വേതന നിരക്ക് വർധിക്കാനും ഇത് ഇടയാക്കി. നിർമ്മാണ തൊഴിലാളികളുടെ ക്ഷാമവും ഉയർന്ന വേതന നിരക്കും തമിഴ്നാട്ടിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളുടെ വൻതോതിലുള്ള വരവിന് ഇടയാക്കി. കെട്ടിട നിർമ്മാണം, നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം, ഗതാഗതം, വ്യാപാരം എന്നിവ സാമ്പത്തിക മേഖലകളിൽ വൻകുതിപ്പ് സൃഷ്ടിച്ചു. ഗൾഫ് പണപ്രവാഹം മൂലം വലിയ സാമ്പത്തിക മുന്നേറ്റമുണ്ടാക്കിയത് വളരെ പിന്നോക്കം നിന്ന മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ്. ഇതോടൊപ്പം തൃശ്ശൂർ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലും വലിയ സാമ്പത്തിക മുന്നേറ്റമുണ്ടാക്കി. നഗരവൽക്കരണത്തിന്റെ തോത് വർധിപ്പിച്ചതും എല്ലാ രംഗത്തും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിയ്ക്കുന്ന രീതിയിലേക്ക് സമ്പദ് ഘടനയെ മാറ്റിയതും വ്യോമഗതാഗത രംഗത്ത് വലിയ വികസനത്തിനും ഇടയാക്കിയ പ്രധാന ഘടകവും ഗൾഫ് കുടിയേറ്റമാണ്.

### മടങ്ങി വരവിന്റെ പ്രത്യാഘാതം

കോവിഡ് 19 മൂലം സാമ്പത്തിക രംഗത്ത് സ്തംഭനവും കടുത്ത സാമ്പത്തിക മാന്ദ്യവും നേരിടുന്ന സംസ്ഥാന സമ്പദ്ഘടന ഗൾഫ് മടങ്ങി വരവ് മൂലം അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്കും തകർച്ചയിലേക്കും നീങ്ങും. ഇപ്പോൾ മടങ്ങി വരാൻ രജിസ്റ്റർ ചെയ്ത ഗൾഫ് പ്രവാസികൾ മടങ്ങി വന്നാൽ തന്നെ ഗൾഫിൽ നിന്നുള്ള പണപ്രവാഹത്തിന്റെ 25

ശതമാനത്തോളം കുറയാൻ ഇടയുണ്ട്. വിദേശത്തെ തൊഴിൽ പ്രതീക്ഷകൾ ഉപേക്ഷിച്ച് നാട്ടിലെ തൊഴിൽ ചെയ്ത് ജീവിക്കേണ്ട ഒരു സ്ഥിതി വിശേഷം ഉണ്ടാവും. കുടിയേറ്റം മൂലം തൊഴിൽ നേടാനുള്ള സാധ്യത ഇല്ലാത്തതിനാൽ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ വർധിക്കും. മടങ്ങി വരവ് ഏറ്റവും കൂടുതൽ ബാധിക്കുന്ന മേഖലകൾ കെട്ടിട നിർമ്മാണം, അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ, റിയൽ എസ്റ്റേറ്റ് ഭൂമി എന്നിവയിലെ വിലയിടിവ്, നിർമ്മാണ തൊഴിലാളികളുടെ തൊഴിലില്ലായ്മ എന്നിവയാണ്. മോട്ടോർ വാഹനങ്ങൾ, വീട്ടുപകരണങ്ങൾ, ആഡംബര വസ്തുക്കൾ തുടങ്ങിയ എല്ലാത്തരം കച്ചവടങ്ങളിലും മാന്ദ്യം അനുഭവപ്പെടും. പണത്തിന് ക്ഷാമമുണ്ടാകുന്നത് മൂലം സാമ്പത്തിക പ്രവർത്തനങ്ങൾ സ്തംഭാനാവസ്ഥയിലാകും. കുടിയേറ്റത്തിൽ നിന്നുള്ള വരുമാനത്തെ പ്രധാനമായും ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങും. ഭൂമി വാങ്ങാനും വീട് പണിയാനും മറ്റ് ആവശ്യങ്ങൾക്കും എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാവും. ഗൾഫ് കുടിയേറ്റ കുടുംബങ്ങൾ കൂടുതലായി ഉള്ള പ്രദേശങ്ങളിൽ രൂക്ഷമായ സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും ഉണ്ടാകും. കോവിഡ് 19 പ്രശ്നത്തിനു പരിഹാരം ഉണ്ടാകുന്നത് വരെ ഈ സ്ഥിതി തുടരാൻ സാധ്യതയുണ്ട്.

**(മംഗളം, 2020 മേയ് 16)**